AKPCTA

സെപ്ററംബർ 3 ന്
കൊല്ലത്ത് ധർണ

സെപ്ററംബർ 5 ന്
ക്ഷേമനിധി വിതരണം
തിരുവനന്തപുരത്ത്

# Kerala Private College Teacher


- വഴിയിൽ വീണുപോകുന്നവർക്കു് വേണ്ടി
- കൊല്ലത്തെ ഡെപ്യൂട്ടി ഡയറക്ടർ ആപ്പീസ്
- എൻ. എസ്. എസ്. മാനേജുമെൻറുമായുള്ള ചർച്ച
- അക്കാദമിക് പാരമ്പര്യവും സ്വകാര്യമാനേജുമെൻറുകളും
- പ്രവർത്തക സമിതി-സംസ്ഥാന കമ്മിററി-
- സംസ്ഥാനകൗൺസിൽ യോഗതീരുമാനങ്ങൾ
- പാഠപുസ്തകങ്ങളും ചില വിമർശനങ്ങളും
- ജില്ലാ വാർത്തകൾ
- അറിയിപ്പുകൾ
- ഗവൺമെൻറ് ഓർഡറുകൾ



AUGUST
1983

# എല്ലാവരും എ.കെ.പി.സി.ടി.എ. യിൽ

## വി. ടി. ബി. കോളേജ് ബ്രാഞ്ച് ഉത്ഘാടനം

പുതിയതായി ആരംഭിച്ച ശ്രീകൃഷ്ണ പുരം വി. ടി. ബി. കോളേജിൽ പ്രിൻസപ്പലുംപ്പെടെ എല്ലാ അധ്യാപകരും എ. കെ.പി. സി. ടി. എ. യിൽ അംഗങ്ങളായി. ജൂലൈ 25 ന് കോളേജിൽകൂടിയ യോഗത്തിൽ വച്ച് ജില്ലാ സെക്രട്ടറി പ്രൊഫ. ടി. കെ. ജി. നായർ ബ്രാഞ്ചിൻെറ ഉത്ഘാടനം നിർവ്വഹിച്ചു. പ്രിൻസിപ്പൽ പ്രൊഫ. എ.പി.പി. നമ്പൂതിരി അധ്യക്ഷതവഹിച്ചു. പ്രൊഫ.പി. ഇ.ഡി.നമ്പൂതിരി,എം.ജി. ഗോപാലകൃഷ്ണൻ നായർ എന്നിവർ ആശംസകരം നേർന്നുകൊണ്ടു സംസാരിച്ചു.

ശ്രീമതി. എൻ.എം. ഇന്ദിര പ്രസിഡൻറും ശ്രീ.വി.സി. വിജയൻ സെക്രട്ടറിയുമായിഅഞ്ചുപേരടങ്ങുന്ന ഒരു ബ്രാഞ്ചു കമ്മിററിയും രൂപികരിച്ചു യോഗത്തിൽ പങ്കെടുത്തവർക്ക് ശ്രീ. വി. സി. വിജയൻ സ്വാഗതവും ശ്രീ. ജി. ദിലീപ് കുമാർ നന്ദിയും രേഖപ്പെടുത്തി.

## സംഘടനക്കു വിജയം

നിലമേൽ എൻ. എസ്. എസ്. കോളേജ് കൗൺസിലിലേയ്ക്കു നടന്ന തെരഞ്ഞെടുപ്പിൽ എ.കെ. പി. സി. ടി. എ. സ്ഥാനാർത്ഥികരം വൻഭൂരിപക്ഷം നേടി വിജയിച്ചു.

നെല്ലിക്കൽ മുരളീധരൻ, പ്രൊഫ. വി. മുരളീധരൻ നായർ, ശ്രീ. കെ.എസ്. വിദ്യാസാഗർ എന്നിവരാണ് വിജയിച്ചത്.

□


പത്രാധിപ സമിതി

**കേരള പ്രൈവററ് കോളേജ് ടീച്ചർ മാസിക**

ചെയർമാൻ: എം. ആർ. ചന്ദ്രശേഖരൻ

ചീഫ് എഡിറ്റർ: വി. എൻ. മുരളി

അംഗങ്ങൾ: എൻ. എം. ജോസഫ്, എം. കെ. ചിണ്ടൻകുട്ടി, തോളൂർ ശശിധരൻ, ആർ. ശശിധരൻ, വി. നാരായണൻകുട്ടി, ടി. ഗോപാലകൃഷ്ണൻ, പി. ജെ. മാത്യു.

ആഗസ്ററ് 1983 | നമ്പർ 46 | വില 1 രൂപ | വാർഷിക വരിസംഖ്യ 10 രൂപ

അഖിലകേരള പ്രൈവററ് കോളേജ് അധ്യാപക സംഘടനയുടെ മുഖപത്രം

എം. ആർ. സി.

# വഴിയിൽ വീണുപോകുന്നവർക്കുവേണ്ടി

സെപ്റ്റംബർ 5 ന് തിരുവനന്തപുരത്ത് ബഹു. വിദ്യാഭ്യാസമന്ത്രി ശ്രീ. ടി. എം. ജേക്കബ് എ. കെ. പി. സി. ടി. വെൽഫെയർ ട്രസ്റ്റിൽ നിന്ന് ട്രസ്റ്റംഗങ്ങളായിരുന്ന അഞ്ച് പ്രൈവറ്റ് കോളേജധ്യാപകരുടെ അവകാശികൾക്ക് 10000 ഉറുപ്പിക വീതമുള്ള തുകകൾ നൽകുന്നതാണ്. 1970 ൽ രജിസ്റ്റർ ചെയ്ത ട്രസ്റ്റിൽ നിന്ന് ഇതുവരെ 6 പേർക്കാണ് 10000 ക വീതമുള്ള സംഖ്യകൾ നൽകിയിട്ടുള്ളത്. അവകാശികളുടെ പട്ടികയിൽ ഇപ്പോൾ 18 പേരുണ്ട്. അതിൽ 5 പേർക്കാണ് സംഖ്യ നൽകുന്നത്. എ കെ. പി. സി. ടി. വെൽഫയർട്രസ്റ്റ് നിബന്ധന, ഏറ്റവും കുറഞ്ഞത് 10000ക. അവകാശികൾക്ക് നൽകണമെന്നാണ്. പതിനായിരത്തിൽക്കുറയാത്ത സംഖ്യ എന്ന് നിയമാവലിയിൽ എഴുതി ചേർക്കുമ്പോൾ 25000 ക. എത്തുന്ന ഒരു സംഖ്യ കൊടുക്കണമെന്നായിരുന്നു നമ്മുടെ മോഹം. അതുപ്രായോഗികമല്ല. പതിനായിരമായിട്ടു തന്നെ സംഖ്യ കൊടുക്കാൻ കഴിയുന്നില്ല. 13–8–79 മുതൽ 4–4–80 വരെയുള്ള കാലത്ത് മരണപ്പെട്ട അധ്യാപകരുടെ അവകാശികൾക്കാണ് ഇപ്പോൾ സംഖ്യ നൽകുന്നത്. അതിനു ശേഷമുള്ള കേസ്സുകളൊക്കെ ബാക്കി. അതായത്, 13 പേർക്ക് നൽകാനുള്ള സംഖ്യ ഇനിയും നാം കണ്ടെത്തേണ്ടിയിരിക്കുന്നു. വാസ്തവത്തിൽ വേണ്ടത്, മൃത്യുവാർത്ത ലഭിക്കുന്നതിനു പുറകെ ട്രസ്റ്റിന്റെ സഹായധനം അവകാശികൾക്ക് നൽകുകയാണ്. നമുക്ക് അത് കഴിയുന്നില്ല. നാം വിചാരിച്ചപോലെയല്ല കാര്യങ്ങൾ വന്നു കൂടിയത്. ട്രസ്റ്റ് രൂപീകരിക്കുന്ന വേളയിൽ നമുക്കു ലഭിച്ച വിദഗ്ധോപദേശം, കോളേജധ്യാപകർ വമ്പിച്ച ആയുർബ്ബലമുള്ള ഒരു വിഭാഗം ആണെന്നാണ്. ട്രസ്റ്റിൽ ചേരുമെന്ന് കണക്കാക്കിയ 3000 ത്തിന് കൊല്ലത്തിൽ ഒരു മരണമേ ഉണ്ടാകാനിടയുള്ളൂ എന്നാണ് പ്രസ്താവിക്കപ്പെട്ടത്. ട്രസ്റ്റിൽ അംഗത്വം ഇവിടെ 1800 ന്റെ അടുത്ത് ഇപ്പോൾ എത്തുന്നേയുള്ളു എന്നാൽ 1970 മുതൽ 1983 വരെയുള്ള 13 കൊല്ലത്തിനിടക്ക് മരണം 24 ഉണ്ടായി. 3000 കോളേജധ്യാപകർക്ക് കൊല്ലത്തിൽ ഒന്നെന്നു കരുതിയ മരണം 1800 പേർക്ക് കൊല്ലത്തിൽ രണ്ട് എന്നായിരിക്കുന്നു. ഏ. കെ. പി. സി. ടി. എ അംഗങ്ങളായിരിക്കുന്ന എല്ലാ അധ്യാപകർക്കും ആലോചിക്കാനുള്ള ഒരു വിഷയം എന്ന നിലയ്ക്കാണ് ഈ ഭാഗം വിവരിച്ചത്. മരണത്തിന്റെ നിഴൽ ആരുടെ മേൽ പതിഞ്ഞിട്ടുണ്ടെന്ന് ആർക്കും അറിയില്ല. മരണത്തെ നിവാരണം ചെയ്യാനുള്ള ഉപായങ്ങൾ ഒന്നുമില്ല മരണത്തിന്റെ വലയിൽപ്പെടുന്നവരുടെ ആശ്രിതരുടെ ജീവിതക്ലേശം അല്പമൊന്നു കുറയ്ക്കുക മാത്രമാണ് ട്രസ്റ്റ് മുഖേന ചെയ്യാൻ നാം മോഹിക്കുന്നത്. നമ്മുടെ കൂട്ടത്തിൽ ആർ, എന്ന്, ഏതു സാഹചര്യത്തിൽ

വഴിക്കു വീണാലും, ട്രസ്ററിന്റെ സഹായത്തിന്റെ രൂപത്തിൽ നമ്മുടെ സഹതാപം അവരുടെ സ്വജനങ്ങളുടെ ദുഃഖത്തിന് ലഘുവായ സാന്ത്വനമായിത്തീരും. ഇതിൽ കൂടുതലൊന്നും ചെയ്യുന്നതായി നാം അഭിമാനിക്കുന്നില്ല. തുച്ഛമായ ഒരു സഹായം മാത്രമാണിത്. പക്ഷെ, അതു പോലും നമുക്കാവുന്നില്ലെങ്കിലോ ? അതുപോലും വൈകിപ്പോകുന്നെങ്കിലോ? വൈകിച്ചനീതി, നിഷേധിക്കപ്പെട്ട നീതിയാണെങ്കിൽ, വൈകിപ്പോകുന്ന സഹായം സന്ദർഭത്തിലുതകാത്തസഹായമാണ്. ഇതൊക്കെ ആലോചിച്ച് ട്രസ്ററിന്റെ പ്രവർത്തനത്തെ ഊർജ്ജിതപ്പെടുത്താനും സഹായം നൽകുവാനമുള്ള ട്രസ്ററിന്റെ ശേഷി വർദ്ധിപ്പിക്കാനും എല്ലാ ഏ. കെ. പി. സി. ടി.എ. അംഗങ്ങളും യത്നിക്കേണ്ടതുണ്ട്. അതിങ്ങനെയായിരിക്കണം:

— ഏ.കെ.പി.സി.ടി.ഏ. യിലെ എല്ലാ അംഗങ്ങളും ട്രസ്ററ് അംഗങ്ങളാവുക.

— എല്ലാ സ്വകാര്യകോളേജധ്യാപകരെയും ഏ.കെ.പി.സി.ടി.എ യിലും പുറകെ ട്രസ്ററിലും ചേരാൻ പ്രേരിപ്പിക്കുക.

ഇപ്പോൾ അഞ്ചുപേർക്ക് 10,000 ക. വീതം നൽകുന്നതുകൊണ്ട് നമ്മുടെ ജോലി തീരുന്നില്ല. ശേഷിക്കുന്ന 13 പേർക്ക് കൂടി സംഖ്യ നൽകാൻ കഴിയണം. അത് ഇക്കൊല്ലത്തെ അസോസിയേഷൻ പ്രവർത്തനത്തിലെ ഒരു മുഖ്യ ദൗത്യമായി കൈക്കൊള്ളാൻ നാം നിശ്ചയിച്ചിട്ടുണ്ട്. ഈ അസോസിയേഷൻ വർഷം അവസാനിക്കുമ്പോഴേക്ക് എല്ലാകുടിശികകളും തീർന്നിരിക്കണമെന്നാണ് മോഹം. അതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നുണ്ട്. യഥാസമയം അത് അസോസിയേഷൻ അംഗങ്ങളെ അറിയിക്കുന്നതാണ്. അസോസിയേഷൻ അംഗങ്ങളുടെ നിർല്ലോഭമായ സഹായ സഹകരണങ്ങൾ മേൽ വിവരിച്ച ലക്ഷ്യം നേടുന്നതിലേക്ക് ഉണ്ടാകണമെന്നഭ്യർത്ഥിക്കാൻ ഈ അവസരം ഉപയോഗിക്കുന്നു.

□

# കൊല്ലത്തെ ഡെപ്യൂട്ടി ഡയറക്ടർ ആപ്പീസ്

കൊല്ലത്തെ കൊളീജിയററ് ഡെപ്യൂട്ടിഡയറക്ടർ ആപ്പീസ്, പ്രൈവററ് കോളേജധ്യാപകർക്ക് ഡയറക്ട് പേമെൻറ് നടപ്പിലാക്കിയ നാൾതൊട്ട് ഒരുസ്ഥിരം ശകുനപ്പിഴയാണ്. ആരു നന്നായാലും കൊല്ലത്തെ ആപ്പീസ് നന്നാവില്ലെന്നാണ് വന്നുകൂടിയിരിക്കുന്നത്. ഞങ്ങൾക്ക് അപ്പീസിലുള്ള ആരോടും ഒരു വിരോധവും ഇല്ല. അവരുടെ ബുദ്ധിമുട്ടുകളെപ്പററി സഹാനുഭൂതിയോടെ ചിന്തിക്കാൻ നമുക്ക് കഴിയും. എന്നാൽ, നമ്മുടെ ബുദ്ധിമുട്ടുകളെപ്പററി അവർ ആലോചിക്കേണ്ടയോ ? കഷ്ടിച്ചു മാസശമ്പളബിൽ പസായിക്കിട്ടുന്നുണ്ട്. ഈശ്വരനു സ്തുതി!. എന്നാൽ, ആ ബില്ലിൽ എന്തൊക്കെ വക 'വെട്ടലുകൾ' നടക്കുന്നു ! യൂണിവേഴ്സിററി പരീക്ഷാ ജോലി ചെയ്യുന്ന അധ്യാപകരുടെ ശമ്പളം പിടിച്ചു വയ്ക്കുന്നു — ഡ്യൂട്ടിസർട്ടിഫിക്കററിന്റെ പേരിലാണിത്. മററൊരു ഡെപ്യൂട്ടിഡയറക്ടർ ആപ്പിസിലുമില്ലാത്തശല്യം. ഏ.കെ.പി.സി ടി.എ. അംഗം ഒരാൾ കേരളയൂണിവേഴ്സിററി സിൻഡിക്കേററിൽ അംഗമാണ്. സിൻഡിക്കേററിന്റെയും സ്ററാൻററിംഗ് കമ്മിററികളുടെയും പല യോഗങ്ങൾ ഉണ്ടാകും. നമുക്ക് മിക്ക യൂണിവേഴ്സിററി സമിതികളിലും നമ്മുടെ പ്രതിനിധികളുണ്ട്. അവർക്കും പോക്കും വരവും ഇരിപ്പും ഉണ്ടാകും. അതിന്റെയൊക്കെ പേരിൽ ശമ്പളം തടഞ്ഞു വയ്ക്കാൻ തുടങ്ങിയാൽ മനുഷ്യൻ വലഞ്ഞില്ലേ ? യൂണിവേഴ്സിററി ജോലികൾ ചെയ്യുന്നതു സംബന്ധിച്ച് അധ്യാപകരുടെ ലീവ് അപേക്ഷകൾ അധികാരപ്പെട്ടവർ പാസാക്കിയാൽ അതിനുപരി മേലധികാരം നടത്താൻ ഡെപ്യൂട്ടിഡയറക്ടറാഫീസിനെന്തുകാര്യം? ഏതെങ്കിലും ആൾ തെററായി ലീവെടുത്തു

ന്നുവരാം. അത്തരം കേസുകളുണ്ടായാൽ കർശനനടപടിയെടുത്തുകൊള്ളണം. യൂണിവേഴ്സിററിയുടെ കല്പനയെ ആസ്പദമാക്കിയാണ് അധ്യാപകർക്ക് കോളേജിൽ നിന്ന് ലീവനുവദിക്കുന്നത്. അതിനു പിന്നെ, ഡ്യൂട്ടിചെയ്തെന്ന ഒരുസർട്ടിഫിക്കററിൻെറ ആവശ്യമെന്ത്? ചെന്നേടത്തൊക്കെ, ഡ്യൂട്ടിസർട്ടിഫിക്കററ്, ഡ്യൂട്ടിസർട്ടിഫിക്കറെറന്ന് കേണിരക്കേണ്ടഗതികേടിലാക്കുകയോ, അധ്യാപകരെ? കൊല്ലം ഡെപ്യൂട്ടി ഡയറക്ടർക്ക് ഈ വക ഡ്യൂട്ടികളെപ്പററി അറിയേണ്ടതാണ്. മററ് ആപ്പീസുകളിലില്ലാത്ത ഈ 'കുന്തവുംകുടച്ചക്രവും' തൻെറ ആപ്പീസിൽ എന്തിന് എന്ന് അദ്ദേഹം ആലോചിക്കേണ്ടതായിരുന്നു!

കൊല്ലം ആപ്പീസിൽ ശമ്പളബില്ലുപാസാക്കുന്നതിനെപ്പററിയാണല്ലോ പറഞ്ഞുവന്നത്. മാസാമാസം ശമ്പളബില്ലുകൾ പാസാക്കിയാൽ ഡെപ്യൂട്ടിഡയറക്ടർ ആപ്പീസിലെ ജോലിതീർന്നെന്നാണ് കൊല്ലത്തുള്ളവരുടെ ഭാവം. സപ്ലിമെൻററി ബില്ലുകൾ, അരിയർ (കുടിശിക) ബില്ലുകൾ, പി. എഫ്. ലോൺഅപേക്ഷകൾ—എന്നിങ്ങനെ പലവക ബില്ലുകളും മററു കടലാസുകളും കൂടി അവർ കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. അതൊക്കെ നാല്പതാം തീയതി ചെയ്യാം എന്നൊരു മട്ടാണ് ആപ്പീസിൽ കാണുന്നത്. ഇതെങ്ങനെ ശരിയാകും? ആപ്പീസിലിരിക്കുന്നവർ പണ്ടുപണ്ടേ വാങ്ങിയ ക്ഷാമബത്തയാണ് കുടിശികബില്ലുകളിലുള്ളത്. സ്വന്തം പി. എഫ് ഫണ്ടിൽ നിന്ന് ലോൺ ചോദിച്ചിട്ട് അരനിമിഷം വൈകിയാൽ ആപ്പീസിലിരിക്കുന്നവർ ആപ്പീസ് കീഴ്മേൽമറിക്കും. അതൊന്നും പ്രൈവററ് കോളേജധ്യാപകരെ സംബന്ധിച്ചാവുമ്പോൾ ഒരു വകയല്ലെന്നോ?

## ബ്യൂറോക്രാററിക് ശഠതകൾ

കൊല്ലം കൊളീജിയററ് ഡെപ്യൂട്ടി ഡയറക്ടറോടോ അദ്ദേഹത്തിൻെറ കൂടെ ജോലി ചെയ്യുന്ന ആപ്പീസർമാരോടോ അവിടത്തെ മററു ജോലിക്കാരോടോ പ്രൈവററ് കോളേജധ്യാപകർക്ക് വിശേഷിച്ച് ഒരു വിരോധവും ഇല്ലെന്ന് വീണ്ടും വ്യക്തമാക്കിക്കൊള്ളട്ടെ. എന്നാൽ, കൊല്ലത്ത് പ്രസ്തുത ആപ്പീസ് എന്തിനു വേണ്ടി സ്ഥാപിച്ചോ, പ്രൈവററ് കോളേജധ്യാപകരുടെ ശമ്പളം തൊട്ടുള്ള അവകാശങ്ങൾ യഥാസമയം അനുവദിച്ചുകിട്ടുകയെന്ന ആ ലക്ഷ്യത്തിനെതിരായിട്ടാണ് ആ ആപ്പീസ് നീങ്ങുന്നതെങ്കിൽ, അതിനെതിരായി പോരാടാതിരിക്കാൻ അധ്യാപകർക്ക് കഴിയുകയില്ല. കൊല്ലം ആപ്പീസിലിരിക്കുന്ന കുടിശിക ബില്ലുകളുടെ കുന്നിൻെറ മേലിരുന്നിട്ടല്ല ആപ്പീസിലുള്ളവർ ഗീർവാണം പറയേണ്ടത്. മാസത്തിലാകെയൊരു ജോലി, ശമ്പളബിൽ പാസാക്കൽ മാത്രം: 15-ാം തീയതിക്കും 20-ാം തീയതിക്കും മധ്യേ നടക്കേണ്ട ജോലിയാണത്. മററു ദിവസങ്ങളുണ്ട്. ആ ദിവസങ്ങളിൽ ആപ്പീസിൽ എന്തു നടക്കുന്നു? അനുപേക്ഷണീയമല്ലാത്ത രേഖകളും സർട്ടിഫിക്കററുകളും ആവശ്യപ്പെട്ട് OBJECTION കുറിപ്പുകൾ തട്ടിപ്പടയ്ക്കുന്ന നേരം കൊണ്ട് രണ്ടുകുടിശിക ബില്ലുപാസാക്കിയാൽ എന്ത് വലിയ സുകൃതമായിരിക്കും അത്? കൊല്ലം ആപ്പീസിൻെറ പഴയ പിഴച്ച പാരമ്പര്യം തിരുത്താൻ ഇപ്പോഴത്തെ ഡെപ്യൂട്ടി ഡയറക്ടർക്ക് കഴിയുമെന്ന ഒരു പ്രതീക്ഷ ഞങ്ങൾക്കുണ്ടായിരുന്നു. അദ്ദേഹം ആ വഴിക്കുനീങ്ങുന്നു എന്നുതന്നെയാണ് ഞങ്ങൾ വിശ്വസിച്ചുകൊണ്ടിരുന്നത്. പരമാവധി ഞങ്ങൾ അദ്ദേഹത്തോട് സഹകരിച്ചിട്ടും ഉണ്ട്. എന്നാൽ, ഭംഗിവാക്കുകൾ കാര്യക്ഷമമായ പ്രവൃത്തിക്ക് പകരമാവുന്നില്ലെന്നതാണ് ഇപ്പോൾ ഞങ്ങൾ പഠിച്ചുകഴിഞ്ഞ പാഠം. ഡെപ്യൂട്ടിഡയറക്ടർ ആപ്പീസിലെ കുടിശിക ബില്ലുകളുടെ കൂമ്പാരം തന്നെയാണ് കണ്ണിൽ കുത്തി ഞങ്ങളെയിപ്പോൾ നോവിച്ചിട്ടുള്ളത്. അതിനു പുറമേ ആപ്പീസിലുള്ളവർ അപ്പപ്പോൾ കാണിക്കുന്ന ബ്യൂറോക്രാററിക് ശഠതകളും.

കൊല്ലം ആഫീസ് നന്നാവണം; നേരെ

യ്വപ്പണം. അധ്യാപകരെയിട്ടു ഞെരുക്കാനുള്ള ഇടുക്കുതെഴുത്തല്ല അത് എന്ന് അവിടെയിരിക്കുന്നവർ ഓർക്കണം. ഒരു നാരം, രണ്ടുനാളല്ല; പലകാലം ഞങ്ങളിതു സഹിച്ചു. ഗവൺമെൻറ് ശമ്പളം തരുന്ന വ്യവവസ്ഥ തുടരുന്നിടത്തോളം കൊല്ലം ആപ്പീസ്സും അധ്യാപകരും തമ്മിൽ ഇടപാടില്ലാതെ കഴിക്കാനാവില്ലല്ലോ. അധ്യാപകർക്ക് കൊല്ലം ആപ്പീസിനെ മറക്കാനാവില്ല. പ്രൈവററ് കോളേജ് അധ്യാപകർക്ക് ഗവൺമെൻറ് അനുവദിച്ച് ഡയറക്ട്പേമെൻറിൻെറ അനുബന്ധമായ കൊളീജിയററ് ഡെപ്യൂട്ടി ഡയറക്ടർ ആഫീസ്സുകരം ഉദ്ദേശിക്കപ്പെട്ടഅവയുടെ ജോലി ശരിക്കു ചെയ്യണം. അത് ആ ആഫീസ്സുകളെക്കൊണ്ട് ചെയ്യിക്കണമെന്ന് കേരളത്തിലെകൊളീജിയററ് ഡയറക്ടറോട് ഞങ്ങരം അഭ്യർത്ഥിക്കുന്നു.

ഈ വിഷയത്തിൽ കൊളീജിയററ് വകുപ്പിൻെറ കണ്ണുതുറപ്പിക്കാനായി കൊല്ലം ഡെപ്യൂട്ടി ഡയറക്ടറാഫീസ്സിൽ സെപ്തംബർ 3 ന് നടത്തുന്ന കൂട്ടധർണ്ണവിജയിക്കാൻഎല്ലാ അധ്യാപകരും മുന്നോട്ടുവരണമെന്നഭ്യർത്ഥിക്കാൻ കൂടി ഈ അവസരം ഞങ്ങരം ഉപയോഗിക്കുന്നു.

## എൻ. എസ്. എസ്. മാനേജുമെൻറുമായുള്ള ചർച്ച

ഇക്കഴിഞ്ഞ ജൂലായ് 28-ാം തിയതി എ. കെ. പി. സി. ടി. എ. യുടെ ഒരു പ്രതിനിധി സംഘം (പ്രൊഫസർ എം. ആർ. ചന്ദ്രശേഖരൻ (പ്രസിഡൻറ്), പ്രൊഫ. എൻ. എം. ജോസഫ് (ജനറൽ സെക്രട്ടറി), പ്രൊഫ ആർ. ശശിധരൻ (സെക്രട്ടറി), പ്രൊഫ. ടി. കെ. ജി. നായർ. (പ്രവർത്തകക്കമ്മിററി അംഗം എന്നിവരാണ് സംഘത്തിൽ ഉണ്ടായിരുന്നത്.) ചങ്ങനാശ്ശേരിയിൽ എൻ. എസ്. എസ്. ജനറൽ സെക്രട്ടറി ശ്രീ കിടങ്ങൂർ ഗോപാലകൃഷ്ണപിള്ളയുമായി അധ്യാപക പ്രശ്നങ്ങളെപ്പററി സംസാരിച്ചു. എൻ. എസ്. എസ്സിലെ അധ്യാപകർക്ക്, മററെല്ലാററിലുമുപരിയായി ട്രാൻസ്ഫർ കാര്യത്തിൽ വലിയ ക്ലേശങ്ങരം ഉണ്ട്. ട്രാൻസ്ഫറിനെ അധ്യാപകരെ പീഡിപ്പിക്കാനും, പിഡിപ്പിച്ച് പാഠം പടിപ്പിച്ച്വിനീതവിധേയരാക്കാനും ഉള്ള ഒരുപായമായി മാനേജുമെൻറ്ഉപയോഗിക്കുന്നു എന്ന് ആക്ഷേപമുള്ളതാണ്. എൻ. എസ് എസ്സ്. മാനേജുമെൻറുമായി അധ്യാപക പ്രശ്നങ്ങളെപ്പററി ചർച്ച ചെയ്യണമെന്ന എ. കെ. പി. സി. ടി. എ പ്രവർത്തക സമിതിയുടെതീരുമാനത്തിൻെറ അടിസ്ഥാനത്തിലാണ് അധ്യാപ പ്രതിനിധികരം എൻ. എസ് എസ്സ് ജനറൽ സെക്രട്ടറിയെ കണ്ടത്. മുൻകൂട്ടി നിശ്ചയിച്ചുള്ള കൂടിക്കാഴ്ചയിൽ ട്രാൻസ്ഫർ കാര്യത്തെപ്പററി എ. കെ. പി. സി. ടി. എ യുടെ ആവശ്യങ്ങരം എന്തെല്ലാമാണെന്ന് വിവരിക്കപ്പെട്ടു. ട്രാൻസ്ഫർ സംബന്ധിച്ച് താഴെ ചേർക്കുന്ന തത്വങ്ങരം അംഗീകരിക്കപ്പെടണമെന്നാണ് പ്രതിനിധി സംഘം നിർദ്ദേശിച്ചത്.

1 സ്വന്തം നാടിനും വീടിനും അടുത്ത് ജോലി ചെയ്യാനുള്ള സൗകര്യം.

2 ഭാര്യയ്ക്കും ഭർത്താവിനും ഒന്നിച്ച്താമസിച്ച് ജോലി ചെയ്യാനുള്ള സൗകര്യം.

3 രോഗ ബാധിതരോട് ദാക്ഷിണ്യം.

4 ട്രാൻസ്ഫർ മൂലം അധിക ക്ലേശം സഹിക്കേണ്ടി വന്നിട്ടുള്ളവർക്ക് പ്രത്യേകപരിഗണന.

5 യൂണിവേഴ്സിററി സ്വയംഭരണസമിതികളിലെ അംഗങ്ങരംക്ക് അവരുടെ പ്രവർത്തനത്തിന് വിഘാതമുണ്ടാക്കുന്ന ട്രാൻസ്ഫർ പാടില്ല.

(ശേഷം 19-ാം പേജിൽ)

# അക്കാദമിക് പാരമ്പര്യവും സ്വകാര്യ മാനേജ്മെൻറുകളും

നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇനിയും ഒരു അക്കാദമിക് പാരമ്പര്യം അഥവാ സംസ്കാരം ഉരുത്തിരിഞ്ഞു വന്നിട്ടുണ്ടോ? 'ഇല്ല' എന്ന് നിസംശയം പറയാം. സാമൂഹികവും ചരിത്രപരവുമായ നിരവധി കാരണങ്ങൾ ഇതിനു ചൂണ്ടിക്കാണിക്കുവാൻ കഴിയും. അക്കൂട്ടത്തിൽ ഒന്നാണ് സ്വകാര്യ മാനേജ്മെൻറുകളുടെ പങ്ക്. ഉന്നത വിദ്യാഭ്യാസരംഗത്ത് ആരോഗ്യപരമായ മൂല്യങ്ങളുടെ ഒരു സംസ്കാരം വളർന്നു വരുന്നതിന് വിഘാതമായ ഒരു നിലപാടാണ് തുടക്കം മുതൽ ഇന്നുവരെയും സ്വകാര്യ മാനേജ്മെൻറ് വഹിച്ചു പോന്നിട്ടുള്ളത്. പാരമ്പര്യത്തിൻെറ ശൂന്യത, ശരിയായ മൂല്യങ്ങളുടെ ദു:ഖകരമായ അഭാവം, നമ്മുടെ അക്കാദമിക്ക് സ്ഥാപനങ്ങളിൽ ഇന്നനുഭവപ്പെടുന്നു. എല്ലാം തകർന്നു വീഴുന്നു എന്ന ഭീതി ജനകമായ തോന്നൽ. ഈ സ്ഥിതി വിശേഷവും സ്വകാര്യ മാനേജ്മെൻറും തമ്മിലുള്ള ബന്ധം മനസിലാക്കുവാൻ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും സ്വകാര്യ മാനേജുമെൻറുകൾ സ്വീകരിക്കുന്ന നിലപാടിലെ പ്രകടമായ ഒരു വൈരുദ്ധ്യം ശ്രദ്ധിച്ചാൽ മതി.

അക്കാദമിക് രംഗത്തെ വിവിധ പരിഷ്കാരങ്ങളുടെ യഥാർത്ഥ വക്താക്കളായി അവർ രംഗത്തു വരുന്നു. അതേ സമയം ഈ പരിഷ്കാരങ്ങൾ നടപ്പിലാക്കുവാൻ അനിവാര്യമായ ഘടനാപരമായ മാററങ്ങളെ, ജനകീയ സ്വഭാവമുള്ള മാററങ്ങളെ, അവർ നഖശിഖാന്തം എതിർക്കുന്നു. 10+2+3 സമ്പ്രദായം, സെമസ്ററർ സിസ്ററം, സ്വയംഭരണ കോളേജുകൾ തുടങ്ങിയ വിവിധങ്ങളായ പരിഷ്കാരങ്ങളെ രണ്ടും കയ്യും നീട്ടി അവർ സ്വാഗതം ചെയ്യുന്നു. അതേ സമയം ഈ പരിഷ്കാരങ്ങൾ അർഥവത്തായി നടപ്പിലാക്കാൻ ഒഴിച്ചുകൂടാനാവാത്ത അടിസ്ഥാനപരമായ മാററങ്ങളെയും അവയോടു ബന്ധപ്പെട്ട ജനാധിപത്യവൽക്കരണത്തെയും അതിനു വേണ്ടി പ്രവർത്തിക്കുന്ന അധ്യാപക വിദ്യാർഥി സംഘടനകളെയും അവർ എതിർക്കുന്നു. ഈ വൈരുധ്യത്തിൻെറ ബീജങ്ങളാകട്ടെ, സ്വകാര്യമാനേജ്മെൻറുകൾ നമ്മുടെ രാജ്യത്ത് വളർന്നു വന്ന സാമൂഹിക സാഹചര്യങ്ങളുടെ ചരിത്ര പശ്ചാത്തലത്തിൽ അടങ്ങിയിരിക്കുന്നുതാനും.

## ബ്രിട്ടിഷ്ഭരണകാലത്തെ സ്ഥിതി

ബ്രിട്ടീഷ്—ഇന്ത്യൻ സർവകലാശാലകളിൽ അർഥപൂർണമായ ഒരു അക്കാദമിക് പാരമ്പര്യം വളർന്നു വന്നില്ല. ഇതിൻെറ പ്രധാന ലക്ഷ്യങ്ങളെയും പ്രവർത്തന ശൈലിയേയും നിർണയിച്ചതും നയിച്ചതും കോളോണിയൽ വാഴ്ചയുടെ മൂല്യങ്ങളായിരുന്നു

എന്നതാണ്. ഈ കോളോണിയൽ മൂല്യങ്ങളിൽ നിന്നും ഒരു അക്കാദമിക് സംസ്കാരം വളർന്നു വരിക സാധ്യമായിരുന്നില്ല.

ഇന്ന് ഇവിടെ നിലവിലുള്ള അഫിലിയേററിങ്ങ് സമ്പ്രദായം ഇന്ത്യയിലാദ്യമായി ആരംഭിച്ചത് 1854 ലെ "വുഡ്സ് എഡ്യൂക്കേഷൻ ഡെസ്പാച്ച്" പ്രകാരമായിരുന്നു. ഇന്ത്യയിലെ "ഇംഗ്ളീഷ് വിദ്യാഭ്യാസത്തിൻെറ മാഗ്നകാർട്ടാ" എന്നാണ് ഈ രേഖ സാധാരണ അറിയപ്പെടുന്നത്. ഇതനുസരിച്ച് നടപ്പിലാക്കിയ അഫിലിയേററിംഗ് സമ്പ്രദായം ലണ്ടൻ സർവകലാശാലയിൽ നിലവിലിരുന്ന 'പരീക്ഷക സർവകലാശാലയുടെ മാതൃകയിലുള്ളതായിരുന്നു. ഈയടിസ്ഥാനത്തിൽ മൂന്നു സർവകലാശാലകൾ കൽക്കത്ത, ബോംബെ, മദ്രാസ്—1857—ൽ രൂപവൽക്കരിക്കപ്പെട്ടു. രണ്ട് പ്രധാന കടമകളായിരുന്നു ഇവയ്ക്കുണ്ടായിരുന്നത്.

ഒന്ന്: പാഠ്യ പദ്ധതിയുടെ ഉള്ളടക്കം സംബന്ധിച്ച മാനദണ്ഡം നിർണയിക്കുക.

രണ്ട്: ഡിഗ്രികൾ അവാർഡ് ചെയ്യുവാൻ വേണ്ടി പരീക്ഷാർഥികളുടെ വിജ്ഞാന നിലവാരം പരിശോധിക്കുക.

കോളേജുകളെ സംബന്ധിച്ചിടത്തോളം അവയുടെ സ്ഥാപകരുടെ ആഗ്രഹമനുസരിച്ച് എല്ലാ അക്കാദമിക് കാര്യങ്ങളിലും തീരുമാനമെടുക്കാനുള്ള പൂർണ സ്വാതന്ത്ര്യമുണ്ടായിരുന്നു. വാസ്തവത്തിൽ കോളേജിൻെറ സ്വാതന്ത്ര്യം എന്നാൽ മാനേജുമെൻറിൻെറ സ്വാതന്ത്ര്യം എന്നായിരുന്നു അർഥം: അക്കാദമിക് സമൂഹത്തിന് പ്രത്യേകിച്ച് സ്വാതന്ത്ര്യമൊന്നുമുണ്ടായിരുന്നില്ല ബി. എൻ. സിൻഹ, 'സർവകലാശാലാ അധ്യാപകരും അവരുടെ പ്രശ്നങ്ങളും' എന്ന തൻെറ ഗ്രന്ഥത്തിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു:

"അനുചിതവും, അപ്രായോഗികവും, പഴഞ്ചനുമായ നിർദേശങ്ങൾ ഇന്ത്യൻ വിദ്യാഭ്യാസരംഗത്ത് നടപ്പിലാക്കപ്പെട്ടു. ഭരണ കർത്താക്കളുടെ ചെയ്തികൾക്ക്, ഇന്ത്യാക്കാരായ അധ്യാപകർ കേവലം നിശബ്ദരായ ദൃക്സാക്ഷികൾ മാത്രമായിരുന്നു. ബ്രിട്ടീഷ് അധികാരികളെ അനുസരിക്കുവാൻ ബാധ്യസ്ഥരായിരുന്ന അവർ, ഇറക്കുമതി ചെയ്യപ്പെട്ട വിദ്യാഭ്യാസ നടപടികൾ അപ്പടി പിന്തുടരുവാൻ നിർബന്ധിതരായിത്തീർന്നു". (പേജ് 20)

സിൻഹ തുടരുന്നു: "അധ്യാപകർക്ക് വളരെ തുഛമായ വേതനമേ ലഭിച്ചിരുന്നുള്ളു. സർവീസ് സുരക്ഷിതത്വവും അവർക്കുണ്ടായിരുന്നില്ല. സാഡ്ലർ ചൂണ്ടിക്കാണിക്കുന്നതുപോലെ കോളേജധ്യാപകൻെറ തൊഴിലിന് യാതൊരു അന്തസുമുണ്ടായിരുന്നില്ല. അധ്യാപനത്തിലും ഗവേഷണത്തിലും തൻെറ വ്യക്തിത്വം പ്രകടിപ്പിക്കുവാനുള്ള അവസരം അധ്യാപകനില്ലായിരുന്നു. മാത്രമല്ല ആവശ്യത്തിന് അധ്യാപകരെ നിയമിക്കാതിരുന്നതുമൂലം, വിദ്യാർഥികളോട് നീതിപുലർത്തുക അസാധ്യമായിരുന്നു താനും. എല്ലാററിനും പുറമേ, സർവകലാശാല കാര്യങ്ങളിൽ ഗവൺമെൻറ് ഇടപെടൽ വളരെയധികമായിരുന്നു. അങ്ങനെ എല്ലാവശത്തുനിന്നും അധ്യാപകരുടെമേൽ സമ്മർദം ചെലുത്തപ്പെട്ടു. സ്വാഭാവികമായും അവരിൽ കടുത്ത അസംതൃപ്തി വളർന്നു."

ബ്രിട്ടീഷ് ഭരണകാലത്ത് നിയമിക്കപ്പെട്ട വിവിധ കമ്മീഷനുകൾ—1882 ലെ ഹണ്ടർ കമ്മീഷൻ, 1917ലെ കൽക്കത്താസർവകലാശാലാ വിദ്യാഭ്യാസകമ്മീഷൻ 1902—ലെ ഇന്ത്യൻ സർവകലാശാലാകമ്മീഷൻ, തുടങ്ങിയവ— അന്ന് നിലവിലിരുന്ന സർവകലാശാലാ വിദ്യാഭ്യാസ സമ്പ്രദായത്തിലെ പല ന്യൂനതകളും ചൂണ്ടിക്കാട്ടിയെങ്കിലും അവ പരിഹരിക്കുവാനുള്ള കാര്യമായ ശ്രമങ്ങളൊന്നുമുണ്ടായില്ല.

## വൈരുദ്ധ്യങ്ങളുടെ കേളീരംഗം

അമർത്തപ്പെട്ട സംഘർഷാത്മകത ഉറഞ്ഞുനിന്നതായിരുന്നു ബ്രിട്ടീഷ് ഇന്ത്യയിലെ 2

# അക്കാദമിക് പാരമ്പര്യവും സ്വകാര്യ മാനേജുമെൻറുകളും

ന്നത വിദ്യാഭ്യാസരംഗമെന്ന് മുകളിൽ വിവരിച്ചതിൽ നിന്നും വ്യക്തമാണല്ലോ. അത്തരമൊരു സ്ഥിതി വിശേഷം നിലനിർത്തുന്നതിലും വളർത്തുന്നതിലും പ്രൈവററ് മാനേജുമെൻറുകൾ പ്രത്യേക പങ്ക് വഹിച്ചു. ഈ സംഘർഷാത്മകതക്ക് അടിസ്ഥാന കാരണമായ വൈരുധ്യങ്ങൾ പലതാകുന്നു.

1. വിദ്യാഭ്യാസവും സമൂഹവും തമ്മിൽ: കൊളോണിയൽ കാഴ്ചപ്പാടും ലക്ഷ്യങ്ങളുമായിരുന്നു വിദ്യാഭ്യാസത്തിൻെറ ഉള്ളടക്കത്തെ നിർണയിച്ചത്. ഇവ സ്വാഭാവികമായും ആ കാലഘട്ടത്തിലെ സാമൂഹിക പുരോഗതിക്കും ജനകീയാഭിലാഷങ്ങൾക്കും വിരുധമായിരുന്നു

2. പ്രൈവററ് മാനേജ്മെൻറും അധ്യാപക സമൂഹവും തമ്മിൽ: ഉന്നത വിദ്യാഭ്യാസ സംവിധാനത്തിനുള്ളിൽ മാനേജ്മെൻറിൻെറ താൽപര്യങ്ങളും അധ്യാപക സമൂഹത്തിൻെറ കാഴ്ചപ്പാടുകളും തമ്മിലുള്ള വൈരുധ്യം അടിക്കടി വർധിച്ചുവന്നു. മാനേജുമെൻറുകളാകട്ടെ, ഏതു പരിത:സ്ഥിതിയിലും എസ്ററബ്ളിഷ്മെൻറിന് കണ്ണുമടച്ച് പിന്തുണ നൽകുന്ന അധികാരകേന്ദ്രങ്ങളായി വർത്തിച്ചു. അധ്യാപകർ ഉള്ളിലുള്ള പ്രതിഷേധം അമർത്തിപ്പിടിച്ച് നിശബ്ദരായ കാഴ്ചക്കാരായി മാറിനിന്നു. അക്കാദമിക് സമൂഹം മൊത്തത്തിൽ പറഞ്ഞാൽ അടിമകളെപ്പോലെ പെരുമാറി.

3. പ്രൈവററ് മാനേജ്മെൻറും വിദ്യാർഥി സമൂഹവും തമ്മിൽ: വിദ്യാർഥികളുടെ പൊതു ഹായതാൽപര്യങ്ങളോട് തികഞ്ഞ അവഗണനയാണ് അധികാരികൾ പുലർത്തിയത്. പ്രതികരണക്ഷമതയില്ലാതെ കിട്ടുന്നത് വാങ്ങുന്നവനായിരിക്കണം വിദ്യാർഥി എന്നതായിരുന്നു അധികാരികളുടെ മനോഭാവം. ഇതിൻെറ ഫലമായി വിദ്യാർഥിസമൂഹവും മാനേജ്മെൻറുകളും തമ്മിൽ ഉണ്ടായിരുന്ന അകൽച്ചയും വിരോധവും അനുദിനം രൂക്ഷമായിരുന്നു.

4. മതനിരപേക്ഷ വിദ്യാഭ്യാസ സങ്കല്പവും വിഭാഗീയ താല്പര്യങ്ങളും തമ്മിൽ: സാമ്രാജ്യത്വതാല്പര്യങ്ങൾക്കനുഗുണമായ രീതിയിൽ മതനിരപേക്ഷമായ ഒരു വിദ്യാഭ്യാസസമ്പ്രദായം വളർത്തിയെടുക്കുകയെന്നതായിരുന്നു ബ്രിട്ടീഷ് സങ്കല്പം. എന്നാൽ വിദ്യാഭ്യാസരംഗത്ത് വളർന്നുവന്ന എസ്ററാബ്ളിഷ്മെൻറിൻെറ സ്വഭാവം ഇതിനു യോജിച്ചതായിരുന്നില്ല. വിഭാഗീയ.—വർഗീയ താല്പര്യങ്ങളും മതനിരപേക്ഷ വിദ്യാഭ്യാസ സങ്കല്പവും തമ്മിൽ പൊരുത്തപ്പെടുക സാധ്യമായിരുന്നില്ല.

5. പാശ്ചാത്യമൂല്യങ്ങളും ഭാരതീയ പാരമ്പര്യവുംതമ്മിൽ: ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ നമ്മുടെ അവബോധത്തിലേക്കുകടന്നുവന്ന പുതിയ മൂല്യങ്ങളും ഭാരതീയ പാരമ്പര്യത്തിലടിയുറച്ച വിശ്വാസങ്ങളുമായി വല്ലാത്തസംഘർഷമായി. ഭാഷയുടെ കാര്യമെടുത്താൽ, ഇംഗ്ലീഷിന് ലഭിച്ച ഉന്നതമായസ്ഥാനം നമ്മുടെ പ്രാദേശിക ഭാഷകൾ തളർന്ന് മുരടിക്കുന്നതിന് കാരണമായിത്തീർന്നു.

6. ധനികവർഗവും ദരിദ്രവർഗവും തമ്മിൽ: ഉന്നത വിദ്യാഭ്യാസം കൊണ്ടുള്ള പ്രയോജനങ്ങൾ പൊതുവേയും, അതിൽ തന്നെ പ്രൈവററ് മേഖലയുടെ പ്രവർത്തനങ്ങൾ കൊണ്ടുള്ളപ്രയോജനങ്ങൾ പ്രത്യേകിച്ചും, സമൂഹത്തിലെ ധനികവർഗങ്ങളിലേയ്ക്കു മാത്രമേ എത്തിച്ചേർന്നുള്ളു. കോളേജിയേററ് സിസ്റ്റത്തിൻെറ പരിധിയിൽ നിന്ന് വളരെ അകലെ മാത്രം നിൽക്കുവാനേ സാമാന്യ ജനങ്ങൾക്ക് സാധിച്ചിരുന്നുള്ളു. ഈ വൈരുധ്യം പ്രൈവററ് കോളേജുകളുടെ സ്വഭാവത്തിലും ഉള്ളടക്കത്തിലും പ്രതിഫലിച്ചു.

7. സർവ്വകലാശാലകളുടെ സ്വയം ഭരണവും ഗവൺമെൻറ് ഇടപെടലും തമ്മിൽ: സർവക

പി. കെ. രാജൻ

ലാശാലകളുടെ പ്രഖ്യാപിത ലക്ഷ്യങ്ങളും താല്ക്കാലിക ഗവൺമെൻറ് താല്പര്യങ്ങളും തമ്മിൽ പലപ്പോഴും പൊരുത്തമില്ലായ്മ അനുഭവപ്പെട്ടപ്പോൾ സർവ്വകലാശാലകളുടെ ദൈനംദിന ഭരണകാര്യങ്ങളിൽ ഗവൺമെൻറ് ഇടപെടുക പതിവായി തീർന്നു. ഇതിൻെറ ഫലമായി പലപ്പോഴും പ്രൈവററ് മാനേജ്മെൻറും ഗവൺമെൻറ് തലത്തിലുള്ള ബ്യൂറോക്രസിയും തമ്മിൽ അവിശുദ്ധമായ കൂട്ടുകെട്ടുകൾ വളർന്നുവന്നു.

ഇന്ത്യ സ്വതന്ത്രമാകുന്നതിനു മുമ്പ് ആരോഗ്യകരമായ ഒരു അക്കാദമിക് പാരമ്പര്യം നമ്മുടെ സർവകലാശാലയിൽ വളർന്നുവരാതിരിക്കാൻ ഇപ്പറഞ്ഞ ഘടകങ്ങളൊക്കെ കാരണമായി തീർന്നു. അത്തരമൊരു സ്ഥിതി വിശേഷം നിലനിറുത്തുന്നതിൽ സാമ്രാജ്യത്വത്തിൻെറ ഉപകരണങ്ങളായി വർത്തിക്കുകയാണ് നമ്മുടെ മാനേജുമെൻറുകൾ ചെയ്തതെന്ന കാര്യം എടുത്തു പറയേണ്ടതില്ലല്ലോ.

## സ്വതന്ത്ര ഇന്ത്യയിലെ സ്ഥിതി

സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടായ ഏററവും ശ്രദ്ധേയമായ മാററം അതിൻെറ വലിപ്പത്തിലുണ്ടായ അതിബൃഹത്തായ വളർച്ചയാണ്. താങ്ങാനാവാത്തവിധം വലുതായ ഒരു വികാസം കോളേജിയേററ് സിസ്റ്റത്തിലുണ്ടായി. വ്യക്തമായ കാഴ്ചപ്പാടുള്ള ഒരു ദേശീയ വിദ്യാഭ്യാസ നയത്തിൻെറ അഭാവം: പാർലമെൻററി ജനാധിപത്യപ്രക്രിയയുടേതായ രാഷ്ട്രീയത്തിൽ വളർന്നുവന്നദൂഷിച്ച പ്രവണതകളുടെ മലിനമായ അന്തരീക്ഷം: വർഗീയ–വിഭാഗീയ ശക്തികൾക്ക് പൊതുജീവിതത്തിൽ വർധിച്ചുവന്ന സ്ഥാനം, ഈ ശക്തികൾക്ക് വിദ്യാഭ്യാസത്തിൻെറ പേരിൽ പൊതുഖജനാവിൽ നിന്ന് വൻതുകകൾ തട്ടിയെടുക്കാനുണ്ടായ സ്വാതന്ത്ര്യം—ഇവയുടെയെല്ലാം ഫലമായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അഴിമതിയുടെയും സാസ്കാരികതകർച്ചയുടെയും അരാജകാവസ്ഥയുടെയും കേന്ദ്രങ്ങളായി മാറി. അക്കാദമിക് താല്പര്യങ്ങളോ സാമൂഹിക താല്പര്യങ്ങളോ കണക്കിലെടുക്കാതെ ആരംഭിച്ച കോളേജുകളുടെ വികൃത വളർച്ച ഈ തകർച്ചക്ക് ആക്കംകൂട്ടി. അമ്പതുകളിലും അറുപതുകളിലും മാത്രമല്ല ഇന്നും അരോഗ്യകരമായ ഈ പ്രവണത യാതൊരു തടസ്സവും കൂടാതെ തുടരുകയാണ്. (കേരളത്തിൻെറ ഉദാഹരണം മാത്രമെടുത്താൽ മതിയല്ലോ ഇത് വ്യക്തമാകാൻ. 1975 മുതൽ 80 വരെയുള്ള അഞ്ചു വർഷക്കാലത്തിനിടയ്ക്ക് കോളേജുകളുടെ നമ്പരിലുണ്ടായ വർദ്ധനവ് താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്ന് വ്യക്തമാകും:

*(പട്ടിക 12-ാം പേജിൽ)*

1979–80 ലെ യു. ജി. സിടെ വാർഷിക റിപ്പോർട്ട് ഈ പ്രശ്നത്തെക്കുറിച്ച് പറയുന്നത് ശ്രദ്ധിക്കു :

"വ്യക്തമായ നിയമങ്ങളൊന്നും ഇനിയും നിർദേശിക്കപ്പെട്ടിട്ടില്ല. അതിനാൽ, കോളേജുകൾ ആരംഭിക്കുന്ന കാര്യത്തിൽ ആവശ്യമായനിയന്ത്രണങ്ങൾ സ്വീകരിക്കുവാൻകേന്ദ്ര ഗവൺമെൻറ് തയ്യാറാകുന്നില്ലെങ്കിൽ, പുതിയകോളേജുകൾ തുടങ്ങുന്നതിൻെറ നിരക്ക് ഇനിയും കുതിച്ചുയർന്നേക്കാം.

(മുഖവുര പേജ് 4)

അടിസ്ഥാനപരമായ അക്കാദമിക് മാനദണ്ഡങ്ങൾകണക്കിലെടുക്കാതെയും, മിനിമം ഉണ്ടായിരിക്കേണ്ട സൗകര്യങ്ങളെങ്കിലും ഒരുക്കുവാൻ മാനേജുമെൻറിനു കഴിയുന്നുണ്ടോ എന്നു പരിശോധിക്കാതെയുമാണ് മിക്കകോളേജുകളും ആരംഭിച്ചത്. വർഗീയവും രാഷ്ട്രീയവുമായ ചരടുപിടുത്തങ്ങളുപയോഗിച്ച് അഫിലിയേഷൻ സംബന്ധിച്ച വ്യവസ്ഥകളൊക്കെ മറികടന്നു. 'മതനിരപേക്ഷമായ ഫണ്ടു' (പൊതുഫണ്ട്) കൾക്കു വേണ്ടി വർഗീയ–വിഭാഗീയ ശക്തികൾ തമ്മിലുള്ള പരസ്പര മാൽസര്യം അനിയന്ത്രിതമായി വളർന്നു. ലാഭേച്ഛയും വ്യാപാര താല്പര്യങ്ങളുമായിത്തീർന്നു ഉന്നത വിദ്യാഭ്യാസത്തിൻെറ പ്രേരകശക്തിയും അടിസ്ഥാന

# അക്കാദമിക് പാരമ്പര്യവും സ്വകാര്യ മാനേജുമെൻറുകളും

ലക്ഷ്യവും അക്കാദമിക് താല്പര്യങ്ങളും നിർദാക്ഷിണ്യം ചവിട്ടിമെതിക്കപ്പെട്ടു. കോളേജുകളുടെ പ്രവർത്തന നിലവാരം അധിക്ഷേപാർഹമാംവണ്ണം താഴ്ന്നു. സ്വകാര്യ മാനേജ്മെൻറുകളാകട്ടെ ഉന്നത വിദ്യാഭ്യാസത്തിൻെറ പരമപ്രധാനമായ ലക്ഷ്യങ്ങളെ അങ്ങേയററം അവഗണിക്കുവാൻ തുടങ്ങി. അവർക്ക് വിദ്യാഭ്യാസം ബിസിനസ് മാത്രമായി തീർന്നു.

ഡോക്ടർ. മാൻസുഖാനി പറയുന്നു: "ഇന്ത്യയിൽ, ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശിക്കുന്ന വിദ്യാർത്ഥികളിൽ 88 ശതമാനം പേർ അഫിലിയേററഡ് കോളേജുകളിലാണ് പഠിക്കുന്നത്. 12 ശതമാനം പേർ മാത്രമെ സർവ്വകലാശാലാ ഡിപ്പാർട്ടുമെൻറുകളിലും, സർവകലാശാല സ്ഥാപനങ്ങളിലും ചേരുന്നുള്ളു. അഫിലിയേററഡ് കോളേജുകളിലെ പഠനസൗകര്യങ്ങൾ ഒട്ടും തന്നെ തൃപ്തികരമല്ല. ക്ലാസ് മുറികളിൽ ആവശ്യമായ സ്ഥലസൗകര്യമില്ല. ലൈബ്രറികൾ തികച്ചും അപര്യാപ്തമാണ്: ഹോസ്ററലിലെ ആഹാരം വളരെ മോശമാണ്: കോളേജിൻെറ മൊത്തം അന്തരീക്ഷമാകട്ടെ ഗൗരപൂർവമുള്ള പഠനങ്ങൾക്ക് തീരെ പററാത്തതുമാണ്. ഇക്കാരണങ്ങൾ മൂലം വിദ്യാർത്ഥി സമൂഹത്തിൻെറ ഒരു വലിയ വിഭാഗത്തിൽ കടുത്തനിരാശയും അന്യഥാബോധവും വളർന്നുവരുന്നു. അധ്യാപകരുടെ ശമ്പള നിരക്കുകളും സർവീസ് വ്യവസ്ഥകളും ഒട്ടും തൃപ്തികരമല്ലത്തതിനാൽ മിനിമം യോഗ്യതകളിൽ കൂടുതലായി എന്തെങ്കിലും അവർ ആർജിക്കാറുമില്ല ....... അഫിലിയേററഡ് കോളേജുകളുടെ ഈയടുത്തകാലത്തുണ്ടായിട്ടുള്ള വികൃത വളർച്ച തടയുവാൻ ഒററവഴിയേയുള്ളു സ്ഥല സൗകര്യങ്ങൾ, എൻറോൾമെൻറ്, എൻഡോവ്മെൻറ് എന്നിവ സംബന്ധിച്ച അഫിലിയേഷൻ വ്യവസ്ഥകൾ വിട്ടുവീഴ്ചകൂടാതെ നിർദാക്ഷിണ്യം നടപ്പാക്കാൻ സർവകലാശാലകൾ ശ്രദ്ധിക്കണം. സ്ഥിരമായ വരുമാനത്തിന് ആവശ്യമായ വകകൾ ചൂണ്ടിക്കാണിക്കുവാനില്ലാത്ത കോളേജുകൾക്ക് സ്ഥിരമായ അഫിലിയേഷൻ നൽകുവാൻ പാടില്ല."

(ഇന്ത്യൻസർവകലാശാലകളിലെ പ്രതിസന്ധികൾ പേജ് 11–12)

ഈ ഭയാനകമായ പരിതഃസ്ഥിതികളുടെ നിഷേധാത്മകമായ സ്വാധീനം, ദൂരവ്യാപകമായ വിപത്തുകൾക്ക് ഇടനൽകുന്ന ഒരു പതനത്തിൽ അധ്യാപക സമൂഹത്തെ കൊണ്ടെത്തിച്ചു. ബോംബെ സർവകശാലായിലെ അധ്യാപകരുടെ പ്രവർത്തന സൗകര്യങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തിയ ഫിലിപ്പ് ആൽട്ബാഷ് എന്ന ഗവേഷകൻെറ അഭിപ്രായത്തിൽ, വളരെ മോശമായ പ്രവർത്തനസാഹചര്യങ്ങളുംസർവീസ് വ്യവസ്ഥകളുംമൂലം, അധ്യാപകസമൂഹം ഇനിയും "ഒരു പ്രൊഫഷൻ" എന്ന നിലയിൽ വികാസം പ്രാപിച്ചിട്ടില്ല. രാജ്യത്തിൻെറ കൂടുതൽ വിശാലമായ ബുദ്ധി ജീവിതത്തിന് കാര്യമായ സംഭാവനകൾ അധ്യാപക സമൂഹത്തിൽ നിന്നുംഉണ്ടായിട്ടില്ല .. വളരെയധികം അധ്യാപകർ അവരവരുടെ കഴിവുകൾക്കനുസൃതമായി ആത്മാർത്ഥമായി ജോലിചെയ്യുന്നു എന്നത് സത്യമാണ്. അധ്യാപകരിൽ പ്രതിജ്ഞാബദ്ധത വളർത്തിയെടുക്കാൻ കുറെ കോളേജുകൾക്കെങ്കിലും കഴിയുന്നു എന്നതും സത്യമാണ്. എന്നാൽ പൊതുവേ പറഞ്ഞാൽ അധ്യാപകരിൽ ഒരു സ്വാതന്ത്ര്യബോധം ഇനിയും വളർന്നിട്ടില്ല. മിക്ക അധ്യാപകരെയും സംബന്ധിച്ചിടത്തോളം, കോളേജിലെ അധ്യാപനം എന്നത് ഒരു 'ഉൾവിളിയല്ല', ഒരു തൊഴിൽ മാത്രമാണ്".

(ഇന്ത്യയിലെ അക്കാദമിക് പ്രൊഫഷൻ, പേജ് 13)

## പരിവർത്തനത്തിന് പ്രതിബന്ധങ്ങൾ

മുകളിൽ വിവരിച്ചതുപോലെയുള്ള അനഭിലഷണീയമായ ഭൗതിക സാഹചര്യങ്ങളി

## അഫിലിയേററഡ് കോളേജുകളുടെവർദ്ധനവ് സംസ്ഥാനം തിരിച്ച്

| | സംസ്ഥാനം യൂണിയൻ പ്രദേശം | 1975–76 | 1979–80 | വർദ്ധനവ് |
|---|---|---|---|---|
| | | എണ്ണം | | |
| 1. | ആന്ധ്ര | 204 | 229 | 25 |
| 2. | ആസ്സാം | 117 | 144 | 27 |
| 3. | ബീഹാർ | 194 | 229 | 35 |
| 4. | ഗുജറാത്ത് | 188 | 183 | –5 |
| 5. | ഹരിയാന | 95 | 94 | –1 |
| 6. | ഹിമാചൽപ്രദേശ് | 20 | 22 | 2 |
| 7. | ജമ്മു കാശ്മീർ | 22 | 22 | — |
| 8. | കർണാടകം | 227 | 251 | 24 |
| 9. | കേരളം | 100 | 122 | 22 |
| 10. | മധ്യപ്രദേശ് | 239 | 240 | 1 |
| 11. | മഹാരാഷ്ട്രം | 406 | 427 | 21 |
| 12. | മേഘാലയം | 21 | 22 | 1 |
| 13. | ഒറീസ്സ | 86 | 92 | 6 |
| 14. | പഞ്ചാബ് | 167 | 168 | 1 |
| 15. | രാജസ്ഥാൻ | 93 | 114 | 21 |
| 16. | തമിഴ്നാട് | 185 | 197 | 12 |
| 17. | ഉത്തർപ്രദേശ് | 334 | 367 | 23 |
| 18. | പശ്ചിമബംഗാൾ | 247 | 257 | 10 |
| 19. | ദൽഹി | 38 | 37 | –1 |
| | മൊത്തം | 2,993 | 3,217 | 224 |

ലും അന്തരീക്ഷത്തിലും നിന്ന് ഉജ്വലമൂല്യങ്ങളുടേതായ ഒരു അക്കാദമിക് പാരമ്പര്യം ഉരുത്തിരിഞ്ഞുവരുക അസാധ്യമാണ്. അതിനാൽ സ്വാതന്ത്ര്യാനന്തര ഇന്ത്യയിലും ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ അക്കാദമിക് വിരുധസ്വഭാവം യാതൊരു മാററവും കൂടാതെ തുടർന്നു.

പാരമ്പര്യ വളർച്ചയെ തടഞ്ഞ അടിസ്ഥാന ഘടകങ്ങൾ ചുരുക്കിപ്പറഞ്ഞാൽ രണ്ടെണ്ണമായിരുന്നു:

## അക്കാദമിക് പാരമ്പര്യവും സ്വകാര്യ മാനേജ്മെൻറുകളും

1. സ്വാതന്ത്ര്യത്തിന് മുമ്പുതന്നെ ഒരു അക്കാദമിക് സംസ്കാരം വളർന്നുവന്നിരുന്നില്ല എന്ന സത്യം വർത്തമാനകാലത്തോട് പ്രസക്തിയുള്ളതും, പുതുതായരുത്തിരിഞ്ഞുവരുന്ന ഒരു സംസ്കാരത്തിനെ പോഷിപ്പിച്ചെടുക്കുവാൻ കരുത്തുള്ളതുമായ ഒരു പൈതൃകത്തിൻെറ അഭാവം സ്വതന്ത്ര ഇന്ത്യയിലെ മൂല്യശോഷണത്തിന് സ്വാഭാവികമായും വഴിതെളിച്ചു.

2. സ്വതന്ത്ര ഇന്ത്യ പിന്തുടർന്ന മുതലാളിത്തവികസനപാതയും, പ്രാങ്-മുതലാളിത്ത സാമൂഹികശക്തികളുമായി ഒളിഞ്ഞും തെളിഞ്ഞുമുണ്ടാക്കിയ സന്ധികൾ സൃഷ്ടിച്ച സാമൂഹ്യ – സാമ്പത്തിക – രാഷ്ട്രീയ സാഹചര്യങ്ങളും, പുതിയൊരു അക്കാദമിക് സംസ്കാരം വളർന്നുവരുന്നതിനുള്ള സാധ്യതകളെ അടച്ചുകളഞ്ഞു.

ഭൂതകാലത്തിൻെറയും വർത്തമാനത്തിൻെറയും ഭൗതികജീവിതയാഥാർഥ്യങ്ങൾ അക്കാദമിക് സംസ്കാരത്തെ നിഷേധിച്ചു. അങ്ങനെ ഇന്നും, കൊളോണിയൽ കാലഘട്ടത്തിലേതുപോലെ, സാധാരണക്കാരായ ജനലക്ഷങ്ങൾക്ക് ഫലത്തിൽ പ്രയോജനപ്പെടാത്തതും, സമ്പന്ന വിഭാഗങ്ങൾക്കു മാത്രം നേട്ടങ്ങളുണ്ടാക്കുന്നതുമായ ഒരു വിദ്യാഭ്യാസ സമ്പ്രദായം നാം പിന്തുടർന്നുവരുന്നു.

1977-ൽ യു.ജി.സി. പ്രസിദ്ധീകരിച്ച, ഉന്നത വിദ്യാഭ്യാസ വികസനത്തെ സംബന്ധിച്ച നയ പ്രസ്താവനയിൽ ഈ ദയനീയ സത്യം തുറന്നു സമ്മതിക്കുന്നുണ്ട്. സാമ്പത്തികവും രാഷ്ട്രീയവുമായ അധികാരം മുകൾത്തലത്തിലെ ഒരു ചെറിയ വർഗത്തിൽ കേന്ദ്രീകരിച്ചിരിക്കുന്ന നമ്മുടെ സാമൂഹ്യ വ്യവസ്ഥിതിയുടെ രണ്ടു മുഖങ്ങൾ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ പ്രതിഫലിക്കുന്നുഎന്നും, അതിനുപുറമേ ഈ ദ്വൈതസ്വഭാവമുള്ള വിദ്യാഭ്യാസ സമ്പ്രദായവും അതുപോലെതന്നെദ്വൈതസ്വഭാവമുള്ള സാമൂഹിക ക്രമത്തെ ശക്തിപ്പെടുത്തുകയും ശാശ്വതീകരിക്കുകയും ചെയ്യുന്നു എന്നും യു. ജി. സി. യുടെ ഈ പ്രസ്താവന സ്വയം വിമർശനരൂപത്തിൽ ചൂണ്ടിക്കാണിക്കുന്നു.

കൊളോണിയൽ കാലഘട്ടം മുതൽക്ക് വളർന്നു വന്ന വൈരുധ്യങ്ങൾ ഇന്ന് കൂടുതൽ സങ്കീർണമായിരിക്കുകയാണ്. പ്രതിസന്ധി കൂടുതൽ രൂക്ഷമായിരിക്കുന്നു. ഇതിൽനിന്ന് കരകയറുവാൻ കേവലമായ മാർഗങ്ങളൊന്നുമില്ല. വിദ്യാഭ്യാസ മേഖലയിൽ മാത്രം ഒതുങ്ങി നിന്നു കൊണ്ട് സ്ഥായിയായ പരിഹാരങ്ങൾ കണ്ടെത്താൻ കഴിയുമെന്നും തോന്നുന്നില്ല. സമൂഹത്തിൻെറ അടിസ്ഥാനപരമായ പ്രശ്നങ്ങൾക്ക് ശാസ്ത്രീയപരിഹാരം കണ്ടെത്തുക ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ജനകീയ പ്രസ്ഥാനങ്ങളുടെ, അല്ലെങ്കിൽ ജനാധിപത്യ വിപ്ലവത്തിലേക്കുള്ള ബഹുജന മുന്നേററങ്ങളുടെ, ഭാഗമായി നിന്ന്കൊണ്ടുമാത്രമേ അടിസ്ഥാനപരമായൊരു പരിവർത്തനം വരുത്തിത്തീർക്കാൻ സാധിക്കൂ. എന്നാൽ ഇതിൻെറയർഥം വിദ്യാഭ്യാസ രംഗത്ത് സമൂലമായ പരിഷ്കാരങ്ങൾക്ക് വേണ്ടി നടത്തുന്ന സംഘടിത ശ്രമങ്ങൾക്ക് യാതൊരു പ്രസക്തിയുമില്ല എന്നല്ല. നേരെ മറിച്ച്, അത്തരം പരിശ്രമങ്ങൾ അനിവാര്യമാണുതാനും. അടിസ്ഥാനപരമായ മാററങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്ന സാമൂഹ്യ ശക്തികൾ യഥാർഥത്തിൽ ഏതൊക്കെയാണെന്നു നമ്മുടെ നേരിട്ടുള്ള അനുഭവത്തിലൂടെ അത്തരം സംഘടിത ശ്രമങ്ങൾ നമുക്ക് ബോധ്യമാക്കി തരുന്നു. ഇതു നമ്മുടെ വിപ്ലവബോധത്തെ കൂടുതൽ ശക്തമാക്കുന്നു; നാം ലക്ഷ്യമാക്കേണ്ട യഥാർഥ ശത്രുക്കൾ ഏതെല്ലാമെന്ന് കാട്ടിത്തരുന്നു. അങ്ങനെ വിദ്യാഭ്യാസ പരിവർത്തനങ്ങൾക്കു വേണ്ടിയുള്ള പ്രക്ഷോഭങ്ങൾക്ക് അർഥവും ആവേശവും പകരുന്നു. അധ്യാപക പ്രസ്ഥാനം, മൊത്തത്തിലുള്ള ജനകീയ വിപ്ലവ പ്രസ്ഥാനത്തിൻെറ മുഖ്യധാരയുമായി യോജിച്ചു നീങ്ങേണ്ടതിൻെറ ആവശ്യകത ഇതിൽനിന്നും വ്യക്തമാണല്ലോ.

(1983 ഫെബ്രുവരി 12-ാം തീയതി തിരുച്ചിറപ്പള്ളിയിൽ നടന്ന അധ്യാപക സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധം). □

# പ്രവർത്തക സമിതി
# സംസ്ഥാന കമ്മിററി
# സംസ്ഥാന കൗൺസിൽ
# യോഗം (ജൂലൈ 30,31)

## തീരുമാനങ്ങൾ

പരീക്ഷാ പ്രതിഫലം വിതരണം ചെയ്യുന്നതിൽ ഇരു സർവ്വകലാശാലകളിലും കാര്യമായ പുരോഗതിയുണ്ടായതായി സിൻഡിക്കേററംഗങ്ങരം അറിയിച്ചു. കോഴിക്കോട് യൂണിവേഴ്സിററിയിൽ ജൂലായ് അവസാന വാരത്തിൽ മാത്രം 6 ലക്ഷത്തോളം രൂപയ്ക്കുമേലുള്ള ചെക്കുകരം തയ്യാറാക്കി കൊടുത്തിട്ടുണ്ട്. —ഓണത്തിന് മുൻപ് കുടിശിക കൊടുത്തുത്തീർക്കാമെന്ന് രണ്ട് വൈസ് ചാൻസലർമാരും സംഘടനാ പ്രതിനിധികരംക്ക് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഉത്തരക്കടലാസുകളും മാർക്കു ലിസ്ററും അയയ്ക്കുകയില്ലെന്ന നമ്മുടെ മുൻ തീരുമാനം പിൻവലിക്കാൻ തീരുമാനിച്ചു. ഇതനുസരിച്ച് അംഗങ്ങരം ഉത്തരക്കടലാസുകളും മാർക്കു ലിസ്ററും അയച്ചുകൊടുക്കണമെന്നറിയിക്കുന്നു.

സംഘടനാപ്രതിനിധികരം എൻ. എസ്. എസ്. ജനറൽ സെക്രട്ടറിയുമായി നടത്തിയ ചർച്ചയുടെ വിവരങ്ങരം പ്രസിഡൻറ് യോഗങ്ങളിൽ വിശദീകരിച്ചു. ചർച്ചകളിൽ എൻ. എസ്. എസ്. മാനേജ്മെൻറിനെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറി ശ്രീ കിടങ്ങൂർ ഗോപാലകൃഷ്ണപിള്ളയും എൻ. എസ്. എസ്. വിദ്യാഭ്യാസ സെക്രട്ടറി ശ്രീ വേലപ്പൻനായരും എ. കെ. പി. സി. ടി. എ. യെ പ്രതിനിധീകരിച്ച് പ്രസിഡൻറും ജനറൽ സെക്രട്ടറിയും സെക്രട്ടറി ശ്രീ ആർ. ശശിധരനും പാലക്കാട് ജില്ലാ സെക്രട്ടറി ശ്രീ. ടി. കെ. ജി. നായരും പങ്കെടുത്തു. എൻ. എസ്. എസ്. മാനേജുമെൻറിൻെറ കീഴിലുള്ള കോളേജുകളിലെ അധ്യാപകരുടെ പ്രശ്നങ്ങരം പ്രതിനിധികരം മാനേജമെൻറിൻെറ മുൻപിൽ വിശദമായി അവതരിപ്പിച്ചു. ചർച്ച തുറന്നതും സൗഹാർദപരവുമായിരുന്നു. കഴിയുന്നത്ര അനുഭാവപൂർവമായ സമീപനം ഉണ്ടാകുമെന്ന് മാനേജ്മെൻറ് ഭാഗത്തു നിന്ന് ഉറപ്പുനൽകുകയും അധ്യാപകരുടെ ഭാഗത്തു നിന്ന് സൗഹാർദപരമായ സമീപനം ഉണ്ടാകണമെന്ന ആഗ്രഹം പ്രകടിപ്പിക്കുകയുമുണ്ടായി.

കൊല്ലം ഡപ്യൂട്ടി ഡയറക്ററാഫീസിലെ പ്രശ്നങ്ങരം അവശേഷിക്കുന്നു. മററ് ഡപ്യൂട്ടി ഡയറക്ടറാഫീസുകളിലും നമുക്ക് പ്രശ്നങ്ങളുണ്ടെങ്കിലും ഇത്രയധികം നിരുത്തരവാദപരമായ രീതി മറെറാരിടത്തുമില്ല. ഇത്രയധികം ബില്ലുകരം മറെറാരു ഓഫീസിലും കെട്ടിക്കിടപ്പുമില്ല. കൊല്ലം ഡപ്യൂട്ടി ഡയറക്ടറാഫീസിലെ പ്രശ്നങ്ങരം ഗവഃൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ബില്ലുകളും പ്രോവിഡൻറുഫണ്ടിൽ നിന്നുള്ള വായ്പാപേക്ഷകളും കാലതാമസം കൂടാതെ പാസാക്കികിട്ടുന്നതിനും വേണ്ടി 1983 സെപ്ററംബർ 3—ാം തീയതി രാവിലെ 1၁ മണിമുതൽ കൊല്ലം ഡപ്യൂട്ടി ഡയറക്ടറാഫീസിനു മുൻപിൽ ധർണ നടത്തുവാൻ പ്രവർത്തക സമിതിയെടുത്ത തീരുമാനം സംസ്ഥാനകമ്മററിയും കൗൺസിലും അംഗീകരിച്ചു. ധർണയ്ക്ക് കൊല്ലം ഡപ്യൂട്ടി ഡയറക്ടറാഫീസിൻെറ പരിധിയിൽ വരുന്ന കോളേജുകളിലെ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു.

**പ്രൊഫ: എൻ. എം. ജോസഫ്**
ജനറൽ സെക്രട്ടറി

—ന്നാം ഗ്രേഡ് നോൺകേഡർ പ്രൊഫസർ തസ്തിക നടപ്പാക്കുന്നത് താല്ക്കാലികമായി തടഞ്ഞുകൊണ്ടുള്ള കോടതിയുത്തരവ് നീക്കിയിരിക്കുന്നു. ഈ കേസിൽ നാം കക്ഷി ചേർന്നിട്ടുണ്ട്. കേരള ഹൈക്കോടതിയിലെ പ്രശസ്ത അഭിഭാഷകനായ ശ്രീ ടി ആർ. ജി. വാര്യർ നമുക്ക് വേണ്ടി ഹൈക്കോടതിയിൽ വാദിക്കുന്നതാണ്.

മെമ്പർഷിപ്പ് പൂർണ്ണമായും കഴിയുന്നതും വേഗം പിരിച്ചടയ്ക്കണമെന്ന് താല്പര്യപ്പെടുന്നു. വരിസംഖ്യ പിരിവ് പൂർത്തിയാകാത്തവർ പിരിച്ചതുക അടയ്ക്കണം.

ഇതു നമ്മുടെ ജൂബിലിവർഷമാണ്. 1958 ഡിസംബർ 21—ന് ആണ് എ കെ പി സി. ടി. എ. ജന്മമെടുത്തത്. ജൂബിലി ആഘോഷങ്ങൾ സംബന്ധിച്ചും പ്രവർത്തക ക്യാമ്പ് നടത്തുന്നതു സംബന്ധിച്ചും അടുത്ത പ്രവർത്തക സമിതി വിശദമായി ചർച്ചചെയ്യുന്നതാണ്.

1983 സെപ്റ്റംബർ 5—ാം തീയതി തിരുവനന്തപുരത്ത്‌വച്ച് ക്ഷേമനിധിയിൽ അംഗങ്ങളായിരുന്ന താഴെപ്പറയുന്നവരുടെ (മരണതീയതി ബ്രായ്ക്കററിൽ കൊടുത്തിരിക്കുന്നു) അവകാശികൾക്ക് ബഹുമാനപ്പെട്ട കേരളാ വിദ്യാഭ്യാസമന്ത്രി ശ്രീ. ടി. എം. ജേക്കബ് ക്ഷേമനിധിയിൽ നിന്നുള്ള സഹായധനം വിതരണം ചെയ്യുന്നതാണ്.

1. പ്രൊഫ പി. ജി സുഭദ്രാമ്മ (2—7—'79) — എൻ. എസ്. എസ്. കോളേജ് (for women) തിരുവനന്തപുരം.
2. പ്രൊഫ. എസ്. ഗോപാലകൃഷ്ണ പിള്ള (13—8—'79) ഡി. ബി. കോളേജ് (തലയോലപ്പറമ്പ്)
3. പ്രൊഫ. എം. വി. വറുഗീസ് (28-1-'80) —കാതോലിക്കേററ് കോളേജ്, പത്തനംതിട്ട
4. പ്രൊഫ. കെ. ബാലചന്ദ്രൻ (9—2—'80) —മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്
5. പ്രൊഫ. കേരളവമ്മതമ്പാൻ (24.2.80) —സെൻററ് തോമസ് കോളേജ്, കോഴഞ്ചേരി

ഈ ലിസ്ററ് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുള്ളവർ ആഗസ്ററ് 16—ാം തീയതിയ്ക്ക് മുൻപായി ജനറൽസെക്രട്ടറിയെ അറിയിക്കേണ്ടതാണ്. മേൽപറഞ്ഞിരിക്കുന്ന ബ്രാഞ്ചുകളിലെ സെക്രട്ടറിമാർ അവകാശികളിൽ നിന്ന് അപേക്ഷകൾ വാങ്ങി ട്രസ്ററ് സെക്രട്ടറിക്ക് ശുപാർശയോടുകൂടി അയയ്ക്കണം.

ക്ഷേമനിധിയിൽ ഈ വർഷത്തെ നമ്മുടെ ലക്ഷ്യമായ 1000 (ആയിരം) അംഗങ്ങളെ ചേർക്കുന്നതിന് എല്ലാ ബ്രാഞ്ചുസെക്രട്ടറിമാരും ശ്രമിക്കണമെന്നപേക്ഷിക്കുന്നു.

പ്രവർത്തക സമിതിയും സംസ്ഥാന കമ്മിററിയും സംസ്ഥാന കൗൺസിലും ആഗസ്ററ് 4—ന് ആരംഭിക്കുന്ന സമരത്തിൽ ചേരുന്നതിനെ സംബന്ധിച്ച് ചർച്ചചെയ്തു ജൂലൈ 6 — ലെ സൂചനാ പണിമുടക്കിൽ നാം ചേർന്നിരുന്നില്ല. പ്രസ്തുത തീരുമാനം അംഗീകരിക്കുന്ന വിധത്തിലായിരുന്നു സംസ്ഥാന കമ്മിററി—കൗൺസിൽ തീരുമാനങ്ങൾ.

## പ്രമേയങ്ങൾ

അഞ്ചുകൊല്ലത്തെ ബ്രേയ്ക്ക് മാപ്പാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവിന് 1—4—'70 മുതൽ മുൻകാല പ്രാബല്യം ആവശ്യപ്പെടുന്ന പ്രമേയവും നോൺകേഡർ പ്രമോഷന് സ്കൂൾ സർവീസും മററ് യൂണിവേഴ്സിററികളിലെ സർവീസും ഉൾപ്പെടുത്തണമെന്നാവശ്യപ്പെടുന്ന പ്രമേയങ്ങളും കൊല്ലം ഡപ്യൂട്ടി ഡയറക്ട്രാഫീസിൽ നിന്നും ബില്ലുകളും പ്രൊവിഡൻറ് ഫണ്ട് വായ്പാപേക്ഷകളും പാസാക്കികിട്ടാനുള്ള കാലതാമസത്തിൽ പ്രതിഷേധിക്കുന്ന പ്രമേയവും അടുത്തകാലത്ത് കൂടുതൽ കോളേജുകളും കോഴ്സുകളും അനുവദിച്ചതുകൊണ്ട് ഏതെങ്കിലും കോളേജുകളിൽ അധ്യാപകർക്ക് ജോലി നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായാൽ പ്രസ്തുത അധ്യാപകർക്ക് 'സൂപ്പർ ന്യൂമററിപ്രൊട്ടക്ഷൻ' നല്കണമെന്നാവശ്യപ്പെടുന്ന പ്രമേയവും കൗൺസിൽ അംഗീകരിച്ചു. □

# കണ്ണൂർ ജില്ലാ കൗൺസിൽ തീരുമാനങ്ങൾ

1 ഇക്കഴിഞ്ഞ കാലിക്കററ് യൂണിവേഴ്സിററി ഏപ്രിൽ-മെയ് പരീക്ഷകൾക്ക് എക്സാമിനർമാർ, ഇൻവിജിലേററർമാർ എന്നിവരുടെ നിയമനങ്ങളിൽ വ്യാപകമായ അപാകതകൾ സംഭവിച്ചതായിപരാതിയുണ്ട്. പ്രത്യേകിച്ചും കണ്ണൂരിലെ ഇംഗ്ലീഷ് കേന്ദ്രീകൃതവാലേഷൻക്യാമ്പിലെ ഡയറക്ടർ നിയമനത്തിൽ ചില സീനിയർ അധ്യാപകരെ മറികടന്നുകൊണ്ട് ജൂനിറായ ഒരാളെ ഡയറക്ടറായിനിയമിച്ചു എന്ന പരാതിയുണ്ട്. സിൻഡിക്കേററിന്റെ പരീക്ഷാ സ്ററാൻഡിങ്ങ് കമ്മററിയാണ് ഈ നിയമനം നടത്തിയതെന്ന് കൺട്രോളർ ഇതേക്കുറിച്ച് പരാതി നൽകിയ ഒരു സീനിയർ അധ്യാപകനെ അറിയിച്ചിരിക്കയാണ്. ഇക്കാര്യങ്ങളെക്കുറിച്ചൊക്കെ അടുത്തവർക്കിങ്ങ് കമ്മററി ചർച്ചചെയ്യുകയും മേലിൽ ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കാൻ വേണ്ടനടപടികൾ സ്വീകരിച്ചിരിക്കുകയും വേണം.

2 പുതുതായി ജോലിയിൽ ചേരുന്നഅധ്യാപകർക്ക് ആദ്യത്തെ മാസംതന്നെ ശമ്പളം കിട്ടുവാനുള്ള സംവിധാനം ഉണ്ടാക്കുക എന്ന ആവശ്യം ജൂനിയർ ലക്ചറർ തസ്തിക നിർത്തലാക്കുകഎന്ന ആവശ്യത്തിനോടൊപ്പം തുല്യപ്രാധാന്യം നൽകി ഉയർത്തിക്കൊണ്ടുവരണമെന്ന് പ്രവർത്തകസമിതിയോട് ആവശ്യപ്പെടാൻ തിരുമാനിച്ചു.

3 യോഗ്യതകൾ മെച്ചപ്പെടുത്താൻ പോയ അധ്യാപകർക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള 5 വർഷം വരെയുള്ള കൺഡോനേഷൻ, ജൂനിയർ ലക്ചർ സർവ്വീസ് നോൺ--കാഡർ പ്രമോഷന്ന് പരിഗണിക്കാമെന്ന് ഓഡർ ആയ അതേ തീയതി മുതൽക്ക് പ്രാബല്യത്തിൽ കൊണ്ടുവരാൻ അസോസിയേഷൻ ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തണമെന്ന്കൗൺസിൽ അഭ്യർത്ഥിച്ചു.

4 കോളേജ് കൗൺസിലിലെ അധ്യാപക പ്രതിനധികളുടെ തെരഞ്ഞെടുപ്പ് രീതിയെ സംബന്ധിച്ച് വ്യത്യസ്തമായ വ്യാഖ്യാനങ്ങൾ ഉണ്ട്— Propertional repersentation ആണെന്നും simple majority വഴിയുള്ള തെരഞ്ഞെടുപ്പാണെന്നും. statutes ൽ ഇതേക്കുറിച്ച്വ്യക്തമായി ഒന്നും പറയാതിരിക്കെ, ഇതേക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ യൂണിവേർസിററിയെക്കൊണ്ട്പ്രിൻസിപ്പൽമാർക്ക് അയച്ചു കൊടുപ്പിക്കാൻ നമ്മുടെ സിൻഡിക്കേററ് അംഗങ്ങൾ മുൻകൈയെടുത്ത് പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കാൻ തീരുമാനിച്ചു.

## RESOLUTION

As per a Government Order issued two years back, College Teachers who were in School service on or before 1-4-1958 are entitled to have the option to continue in service until attaining the age of 60. However, this benefit is denied to some teachers on the ground that they have break of service for a few days in between resigning from School service and joining the Collagiate Service. Since this denial goes against natural justice, this meeting of District Council of the AKPCTA requests the Government that the break of service in the case of these teachers may kindly be condoned and they also be allowed to opt 60 years of age for retirement.

Copy to: The Special Secretary, Hihger Education, Government of Kerala. The Director of Collegiate Education, Trivandrum.

— ഇ. ദാമോദരൻ

(ജില്ലാ സെക്രട്ടറി)

# AKPCTA N. S. S. കോളേജ്

## കോ-ഓർഡിനേഷൻ

എ. കെ. പി. സി. ടി. എ. പ്രവർത്തകസമിതിഅംഗം പ്രൊ. ജി. മാധവൻനായരുടെ അദ്ധ്യക്ഷതയിൽ കോ--ഓർഡിനേഷൻ കൗൺസിൽ കൂടി ട്രിബ്യൂണൽ മുമ്പാകെ കൊടുത്തിട്ടുള്ള ട്രാൻസ്ഫർ ടി. എ കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ ജോയിൻറ് സെക്രട്ടറി പ്രൊഫ. കെ പി. ദിവാകരൻനായർ റിപ്പോർട്ട് ചെയ്തു. യൂണിററ് സെക്രട്ടറിമാരുടെ റിപ്പോർട്ടിങ്ങിന് ശേഷം എൻ. എസ്. എസ്. മാനേജുമെൻറ്മെയ് മാസത്തിൽ നടത്തിയ സ്ഥലം മാററങ്ങളെപ്പററിയോഗം വിശദമായി ചർച്ചചെയ്തു. ഗവൺമെൻറ്, കോർപ്പറേററ് മാനേജുമെൻറുകളുമായി ഉഭയസമ്മതപ്രകാരം ഉണ്ടാക്കിയ ട്രാൻസ്ഫർ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് യൂണിററ് സെക്രട്ടറിമാർ, സംസ്ഥാനകൗൺസിൽ അംഗങ്ങൾ, യൂണിവേഴ്സിററിസമിതിയിലെ അംഗങ്ങൾ സംഘടനയുടെ സജീവ പവർത്തകർ എന്നിവരെ അന്യായമായി സ്ഥലംമാററിയ മാനേജുമെൻറ് നടപടിയിലും തങ്ങൾക്ക് അസൗകര്യമായ കോളേജുകളിൽ ജോലിചെയ്യുന്ന നൂറുകണക്കിനുള്ള അധ്യാപകരുടെ സ്ഥലമാററത്തിനുള്ള അപേക്ഷകൾ ഒന്നും തന്നെ പരിഗണിക്കാത്തതിലും യോഗം ശക്തിയായപ്രതിഷേധം രേഖപ്പെടുത്തി. കേരളാ-കോഴിക്കോട് സർവ്വകലാശാലാ നിയമങ്ങളിലെ അനുഛേദം 64 നടപ്പിലാക്കണമെന്നും നിർദിഷ്ടഗാന്ധിജി സർവ്വകലാശാലയ്ക്കു വേണ്ടിയുള്ള നിയമത്തിലും അതേ വകുപ്പ് നിലനിർത്തണമെന്നും ആവശ്യപ്പെട്ടു കൊണ്ട് കോ--ഓർഡിനേഷൻ കൗൺസിൽ ഗവൺമെൻറിന് മെമ്മോറാണ്ഡം സമർപ്പിക്കണം. കോ-ഓർഡിനേഷൻ കൗൺസിൽ സെക്രട്ടറിയുടെമേൽ എൻ. എസ്. എസ്. മാനേജ്മെൻറ് നടത്തുന്ന എൻക്വയറി സിററിംഗിന്റെ (19-6.83) വിവരങ്ങൾ യോഗത്തിൽ റിപ്പോർട്ട്ചെയ്തു. കള്ളക്കേസ്ചമച്ച് ഇമ്മാതിരി ഒരന്വേഷണം നടത്തുന്ന മാനേജ്മെൻറ് നടപടിയിൽ യോഗം പ്രതിഷേധിച്ചു.

അംഗമൊന്നിന് 3 രൂപ വീതമുള്ള കോ-ഓർഡിനേഷൻ വിഹിതം കോ – ഓർഡിനേഷൻ കൗൺസിൽ ട്രഷറാർ പ്രൊഫ. കെ. വിജയശങ്കർക്ക് അയച്ചു കൊടുക്കണം. കോ ഓർഡിനേഷൻ കൗൺസിലിന്റെ ഇപ്പോഴത്തെ ഭാരവാഹികൾ അടുത്ത ഒരു വർഷത്തേക്ക് കൂടി തുടരണമെന്ന് യോഗം തീരുമാനിച്ചു.

●

---

## ജേർണൽ

വരിസംഖ്യ കുടിശികയുള്ളവർക്ക് ജേർണൽ അയയ്ക്കുന്നതല്ല. വാർഷികവരിസംഖ്യയായ പത്തുരൂപ താഴെകൊടുത്തിരിക്കുന്ന വിലാസത്തിൽ വേഗം അയയ്ക്കുക.

—ചീഫ് എഡിററർ

VASANTHAM
Chempakaserry Nagar
Kesavadasapuram
Trivandrum - 4

---

# GET POSTS SANCTIONED FIRST : THEN MAKE APPOINTMENTS

# D. C. E.'s DIRECTIVE TO MANAGEMENTS

## ANTICIPATORY APPOINTMENTS

No Estt. D3-13560/82,
dt. 10-8-82

Direcorate of Collegiate Education
Vikas Bhavan, Trivandrum,

CIRCULAR

Sub: Appointment of teachers in colleges in anticipation of sanction of post - reg.

It has been brought to the notice of the undersigned that most of the Managements are making appointments of teaching staff even before obtaining the orders creating the posts. Consequently the teachers appointed in the anticipated posts are not able to draw salary until their appointments are approved by the University. Due to the above, several complaints are brought against the departmental officers. According to the rules now inforce the salary bills of the teaching staff in Private Colleges can be passed for payment by the concerned Dy. Directors of Collegiate Education only after getting the appointment approved against sanctioned post from the Universities concerned.

In order to avoid the above situation, the Managements are requested to make appointments of teaching staff only' after the posts are sanctioned by the Universities concerned

S/d

for DIRECTOR OF COLLEGIATE EDUCATION

6 മലബാർ പ്രദേശക്കാരെ തെക്കുള്ള കോളേജുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനെ ഒഴിവാക്കണം

7 ട്രാൻസ്ഫറിന് യാത്രാബത്തയും അവധിയും

8 മാനേജുമെൻറും അധ്യാപകരും തമ്മിൽ പരസ്പര സഹകരണവും സൗഹാർദ്ദവും വളർത്തുന്ന ഒരു നയം അംഗീകരിക്കുക.

കാലത്ത് 11 മണി മുതൽ ഏതാണ്ട് 1 മണി വരെ നീണ്ട ചർച്ചയ്ക്കിടയിൽ അധ്യാപക പ്രശ്നങ്ങളുടെ പല വശങ്ങളും വിശദീകരിക്കപ്പെട്ടു. മാനേജുമെൻറിൻെറ പ്രശ്നങ്ങൾ എൻ. എസ്. എസ്. ജനറൽ സെക്രട്ടറി വിവരിച്ചു. എൻ. എസ്. എസ് എജൂക്കേഷൻ ഓഫീസർ പ്രൊഫസർ കെ വേലപ്പൻ നായരും ചർച്ചയിൽ പങ്കുകൊണ്ടു. അവിടെ വച്ച് അപ്പോൾ തീരുമാനങ്ങൾ ഒന്നും എടുക്കുകയുണ്ടായില്ല. അധ്യാപകരുമായി സൗഹാർദ്ദത്തിൽ വർത്തിക്കാൻ എൻ എസ്. എസ് മാനേജുമെൻറിന് വലിയ താൽപര്യമുള്ളതായും അതിന് തക്കവണ്ണം പരസ്പരമുള്ള സംഭാഷണങ്ങളും ആലോചനകളും തുടരണമെന്നും ശ്രീ ഗോപാലകൃഷ്ണപിള്ള അഭിപ്രായപ്പെട്ടു. പ്രസ്താവിക്കപ്പെട്ട സംഗതികളെ മുൻനിർത്തി അധ്യാപകരുടെ ട്രാൻസ്ഫർ കാര്യം കൂടുതൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു. സൗഹാർദ്ദപരമായ കാലാവസ്ഥ എൻ. എസ്. എസ്. മാനേജുമെൻറ് – അധ്യാപക ബന്ധത്തിൽ ഉണ്ടായിക്കാണാൻ തങ്ങൾക്കാഗ്രഹമുണ്ടെന്ന് അസോസിയേഷൻ പ്രതിനിധികൾ വ്യക്തമാക്കി

### ഉഭയക്ഷേമം

എൻ. എസ് എസ്. ജനറൽ സെക്രട്ടറിയുമായുള്ള സംഭാഷണം കഴിഞ്ഞിട്ട് അധികം നാളായില്ല. അധ്യാപകരുടെയും മാനേജ്മെൻറിൻെറയും താല്പര്യങ്ങൾ ഭിന്നങ്ങളും പലപ്പോഴും പരസ്പര വിരുദ്ധങ്ങളുമാണ്. എന്നാൽ, അതുകൊണ്ട് മാനേജ്മെൻറുമായി സ്ഥിര വൈരത്തിൽ വർത്തിക്കണം അധ്യാപകരും അധ്യാപകസംഘടനയും എന്നില്ല. പരസ്പരം എതിരിടൽ ഒഴിവാക്കാവുന്നിടത്തോളം ഒഴിവാക്കാം. ഒഴിവാക്കണം. സൗഹാർദ്ദമായും, കോളേജുകളുടെ സുസ്ഥിതിക്കും അഭിവൃദ്ധിക്കും ഉതകുന്ന വിധത്തിൽ അന്യോന്യസഹകരണപൂർവകമായും മാനേജ്മെൻറിനും അധ്യാപകർക്കും സഹവർത്തിക്കാം. ഇതിന് എത്രത്തോളം സാധ്യതയുണ്ട് എന്നുള്ളതിനെപ്പററിയാണ് നാം ചിന്തിക്കേണ്ടത് മാനേജ്മെൻറിൻെറ ചെയ്തികളാണ് ഇതിനുള്ള സാധ്യതയുടെ മണ്ഡലം വിശാലമാക്കേണ്ടത്. ചങ്ങനാശേരിയിലെ കൂടിയാലോചനയ്ക്ക് ശേഷം എൻ. എസ്. എസ്. മാനേജ്മെൻറ് കൈക്കൊണ്ട നടപടികളുടെ ഒരു പൂർണ്ണ ചിത്രം ഇതെഴുതുമ്പോൾ ഞങ്ങളുടെ പക്കൽ ഇല്ല. അഥവാ, നടപടികളുടെ പ്രക്രിയ ആരംഭിച്ച് ഒരു ഘട്ടത്തിലെത്താൻ സമയമായില്ല. ആ നിലയ്ക്ക് ഇപ്പോൾ ഞങ്ങൾ അതിനെപ്പററിയൊന്നും പറയുന്നില്ല. ജൂലയ് 27 ൻെറ ചർച്ച സൽഫലമുണ്ടാക്കുമെന്നുള്ള ഞങ്ങളുടെ വിശ്വാസം ഇവിടെ രേഖപ്പെടുത്തുന്നു. മാനേജ്മെൻറ് നീട്ടിയ സഹകരണഹസ്തത്തെ തിരസ്കരിക്കാൻ ഞങ്ങളൊരുമ്പെടുന്ന പ്രശ്നമില്ല. എന്നാൽ, നിഷ്പക്ഷമതികൾക്ക് നീതിയെന്ന് തോന്നാവുന്ന വിധത്തിൽ മാനേജ്മെൻറ് കാര്യങ്ങൾ ചെയ്യണം. പീഡിതനെ ഇനിയും പീഡിപ്പിച്ചുകൂട. അമിത പീഡനം ഏററുകഴിഞ്ഞവർക്ക് സത്വരമായ ക്ലേശവിമുക്തിയുണ്ടാകണം. ക്ലേശാംശം എല്ലാവർക്കുമായിവീതിച്ചുകൊടുക്കണം. മധ്യകാലീനമായ ദണ്ഡനീതിയോ ബ്യൂറോക്രസിയുടെ സമ്പ്രദായത്തിലുള്ള അധികാരഗർവ്വമോ അല്ല ആധുനികകാലത്ത് മഹാസ്ഥാപനങ്ങൾ കൊണ്ടുനടത്താനുള്ള മാർഗം. ഉഭയക്ഷേമത്തിന് എന്തുതകും എന്നതിനെപ്പററി ആലോചിച്ച് തീരുമാനങ്ങൾ എടുക്കുകയും നടപടികൾ കൈക്കൊള്ളുകയും ചെയ്യുക - എൻ. എസ്. എസ്. മാനേജ്മെൻറ് അത്തരം ഒരു രചനാത്മകനയം കൈക്കൊള്ളുമെന്ന് തന്നെയാണ് ഞങ്ങളുടെ വിശ്വാസം. ഞങ്ങളുടെ ഭാഗത്തുനിന്നുള്ള സഹകരണമില്ലാഞ്ഞിട്ട് ആ നയം വിജയിക്കാതിരിക്കുകയില്ല. □

# പാഠപുസ്തകങ്ങളും ചില വിമർശനങ്ങളും

പാഠപുസ്തകങ്ങളുടെ നേർക്കുള്ള കടന്നാക്രമണം പണ്ടുമുതൽക്കേ ഉള്ളതാണ്. പല രൂപത്തിലും, പലഭാവത്തിലും ഇന്നും അതു തുടരുന്നു. ഇപ്പോഴും, കേരള സർവ്വകലാശാലയിലെ പ്രീഡിഗ്രി പാഠപുസ്തകമാണ് പ്രശ്നം. അതിൽ, പ്രസിദ്ധകവി വിഷ്ണുനാരായണൻ നമ്പൂതിരിയുടെ 'ആദമും ദൈവവും' എന്ന കവിതയുണ്ട്; വിദ്യാഭ്യാസ ചിന്തകനും നിരൂപകനുമായ ശ്രീ. തായാട്ടു ശങ്കരന്റെ 'വിവേകാനന്ദ സാഹിതിയിൽ നിന്നൊരേട്'' എന്ന ലേഖനവും. രണ്ടും പഠിപ്പിയ്ക്കാൻ പാടില്ലെന്നാണ് കത്തോലിക്കാ ബിഷപ്സ് കൗൺസിൽ പാസ്സാക്കിയിരിയ്ക്കുന്ന പ്രമേയത്തിൽ പറയുന്നത്. നിയമസഭയിൽ ഇതു സംബന്ധിച്ചുള്ള ചോദ്യത്തിനു മറുപടിയായി ബഹു. വിദ്യാഭ്യാസ മന്ത്രി പറഞ്ഞതിന്റേയും അർത്ഥം പഠിപ്പിക്കേണ്ടെന്നു തന്നെയാണ്.

മതവികാരം വ്രണപ്പെടുത്തുന്ന എന്തെങ്കിലും ഈ രണ്ടു സാഹിത്യസൃഷ്ടികളിലും ഉണ്ടോ? 'ആദമും ദൈവവും' മനുഷ്യശക്തിയുടെ മഹത്വത്തെക്കുറിച്ചു പാടുന്നതാണ്. വിലക്കപ്പെട്ട കനി ഭക്ഷിച്ചതിന്റെ പേരിൽ പറുദീസയിൽ നിന്നുംപുറത്താക്കപ്പെട്ടആദം, ഭൂമിയിൽ സ്വന്തം അധ്വാനം കൊണ്ട് മറ്റൊരുപറുദീസ സൃഷ്ടിയ്ക്കുന്നു. അതുകാണാനെത്തുന്ന ദൈവം, ആദമിനോട് സ്നേഹം തോന്നി സ്വർഗ്ഗത്തേയ്ക്ക് തിരിച്ചു വിളിയ്ക്കുന്നു. പക്ഷേ സ്വർഗ്ഗത്തെ സ്ഥിരമായ സുഖത്തെക്കാൾ ഭൂമിയിലെ പരിണാമിയായ സുഖമാണ് എനിയ്ക്ക് ഏറെ ഇഷ്ടം എന്ന് ആദം മറുപടി പറയുന്നു. ഈ ആശയം മതവികാരത്തിനെതിരാണെന്നാണ് ബിഷപ്സ് കൗൺസിൽ പറയുന്നത്. ശ്രീ. തായാട്ടിന്റെ ലേഖനം ''രാജ്യത്തിന്റെ ധാർമ്മിക നിലവാരം തകരുന്നുവെന്നും മതവിശ്വാസം വർദ്ധിയ്ക്കുന്നുവെന്നും ഒരേ ശ്വാസത്തിൽ പറയുന്നതിലടങ്ങിയ പരസ്പര വൈരുദ്ധ്യത്തെക്കുറിച്ച് വിശദീകരിക്കണമെന്ന്'' ആവശ്യപ്പെടുന്നതാണ്.

ഈ വിഷയത്തെക്കുറിച്ച് ജേർണലിന്റെ തുടർന്നുള്ള ലക്കങ്ങളിൽ വിശദമായ ചർച്ച നടത്തുന്നതാണ്. അഭിപ്രായങ്ങൾ അയച്ചുതരണമെന്ന് അംഗങ്ങളോടഭ്യർത്ഥിക്കുന്നു. ശ്രീ. വിഷ്ണു നാരായണൻ നമ്പൂതിരിയും ശ്രീ. തായാട്ടും പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായം താഴെ കൊടുക്കുന്നു.

—ചീഫ്എഡിറ്റർ

## ജൂൺ 8-ന്റെ പ്രാധാന്യം മനസ്സിലാകുന്നില്ല

ശ്രീ. വിഷ്ണുനാരായണൻ നമ്പൂതിരി യൂണിവേഴ്സിറ്റി കോളേജിൽ ഇംഗ്ലീഷ് അധ്യാപകനാണ്. തന്റെ കവിത ഉയർത്തിയ കോലാഹലത്തെക്കുറിച്ച് അദ്ദേഹം തികഞ്ഞ സമചിത്തതയോടെ സംസാരിച്ചു. ''1968—ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിലാണ് 'ആദമും ദൈവവും' ആദ്യമായി പ്രസിദ്ധീകരിച്ചത്. പിന്നീട് അത് 'ഭൂമി ഗീതങ്ങൾ'

എന്ന സമാഹാരത്തിൽ ഉൾപ്പെടുത്തി. ഈ സമാഹാരം 1979-80 ബി. എ/ബി. എസ്‌സിക്ക് പാഠപുസ്തകമായിരുന്നു. അന്നുമുതൽ വിദ്യാർത്ഥികൾ ഈ കവിത പഠിക്കുന്നുണ്ട്. കഴിഞ്ഞവർഷം പ്രീഡിഗ്രി ഒന്നാം വർഷത്തിലേക്കുള്ള മലയാളം ടെക്സ്റ്റുബുക്കിൽ ഉൾക്കൊള്ളിച്ചു. അങ്ങനെ ഒരു കൊല്ലം പ്രീഡിഗ്രി വിദ്യാർഥികളും ഇതു പഠിച്ചുകഴിഞ്ഞു.

ഈ കവിതയെക്കുറിച്ചുള്ള നിരൂപണങ്ങളും പഠനങ്ങളും വന്നിട്ടുണ്ട്. 'കലാലയം' മാസികയിൽ വിശദമായൊരു വ്യാഖ്യാനം തന്നെ അടുത്തകാലത്തു പ്രസിദ്ധീകരിച്ചിരുന്നു.

## വിഷ്ണുനാരായണൻനമ്പൂതിരി

ഇങ്ങനെയെല്ലാമിരിക്കെ ഇക്കഴിഞ്ഞ ജൂൺ 8-ാം തീയതി (അന്നാണല്ലോ ബിഷപ്പുമാർ പ്രമേയം പാസാക്കിയത്) പെട്ടെന്ന് ഈ കവിത ക്രിസ്തുമത താൽപ്പര്യങ്ങൾക്ക് വിരുദ്ധമായതെങ്ങനെ എന്നു മനസ്സിലാക്കാൻ വിഷമം.. ഇന്നത്തെ പരിതഃസ്ഥിതിയിൽ ഇങ്ങനെയൊരു വിഷയം കത്തിപ്പോക്കരുതായിരുന്നു."

അദ്ദേഹം തുടർന്നു: "ആദം ഒരു വർഗത്തിന്റെ പ്രതിനിധിയാണ്. ആദമിന്റെ കഥ ഒരു മതത്തിന്റെയും കുത്തകയല്ല. അതാണല്ലോ അത് പഴയ നിയമത്തിൽ ചേർത്തിരിക്കുന്നത്. ഇത്തരം പുരാണകഥകൾ മനുഷ്യരാശിയുടെ മുഴുവൻ സ്വത്താണ്. ആർക്കും അവയെ ഉപയോഗിക്കുവാൻ അവകാശമുണ്ട്. മിൽട്ടന്റെ 'പറുദീസാനഷ്ടം' പോലെയുള്ള വിശ്വവിഖ്യാത കൃതികൾ അങ്ങനെയാണ് ഉണ്ടായത്.

മതവികാരം എന്നൊന്നില്ല മനുഷ്യന്റെ പ്രാഥമികവികാരങ്ങളിലോ തജ്ജന്യമായ ഭാവങ്ങളിലോ ഇങ്ങനെയൊന്ന് ഉൾപ്പെടുന്നതായി അറിവില്ല ഇത് ചില തൽപ്പരകക്ഷികളുടെ സൃഷ്ടിയാണ്. ഞാൻ മതവിശ്വാസിയാണ്. പക്ഷെ എനിക്ക് മതവികാരം ഇല്ല. മററ് മതക്കാരുടെ ദേവാലയങ്ങളിലും ഞാൻ പോകാറുണ്ട്. എനിക്ക് എന്തെങ്കിലും അസഹിഷ്ണുതയോ അസ്വാസ്ഥ്യമോ തോന്നാറില്ല.

പിന്നെ, എന്റെ കവിത പഠിപ്പിക്കണം എന്ന് എനിക്ക് ഒരു നിർബന്ധവുമില്ല. പാഠ്യഭാഗങ്ങളിൽ നിന്ന് നീക്കം ചെയ്യുകയോ ചെയ്യാതിരിക്കയോ എന്തും ആവാം." (സംഘം)

□

# മതമേധാവികൾ ക്ഷമിക്കണം

## തായാട്ട് ശങ്കരൻ

"അഞ്ചെട്ടുവർഷങ്ങൾക്കു മുമ്പ് വിലങ്ങൻ രാമകൃഷ്ണാശ്രമത്തിൽ 'വിവേകാനന്ദന്റെ പ്രസക്തി ഇന്ന്' എന്ന വിഷയത്തെ മുൻനിർത്തി ഒരു സിമ്പോസിയം നടക്കുകയുണ്ടായി. പ്രസിദ്ധ പണ്ഡിതനായ രംഗനാഥാനന്ദ സ്വാമികളുടെ സാന്നിധ്യത്തിലും നേതൃത്വത്തിലുമായിരുന്നു ആ സിമ്പോസിയം. അതിന്റെ സംഘാടകരായ ആശ്രമം അധികാരികളുടെ ആവശ്യമനുസരിച്ച്, ചർച്ചക്കുവേണ്ടി അവതരിപ്പിച്ചതാണ് ഇന്ന് തിരുമേനിമാരുടെ തിരുമിഴി കലക്കിയ 'വിവേകാനന്ദസാഹിതിയിൽനിന്ന് ഒരേട്'എന്നപ്രബന്ധം. ഫാദർ അടപ്പൂരിനെപ്പോലുള്ള വൈദികൻമാർ ആ ചർച്ചയിൽ പങ്കെടുക്കുകയുണ്ടായി.

'അന്തർദർശനം' എന്ന പുസ്തകത്തിൽ ആ പ്രബന്ധം പ്രസിദ്ധം ചെയ്തിട്ടുമുണ്ട്.

മതവക്താക്കളുടെ മുമ്പിൽ ഒരു വെല്ലുവിളി ഉയർത്തുന്നു ആശയപ്രപഞ്ചത്തിൽ ആ പ്രബന്ധം എന്നത് നേരുതന്നെ. രാജ്യത്തിൽ ധാർമികനിലവാരം തകരുന്നുവെന്നും മതവിശ്വാസം വർധിക്കുന്നുവെന്നും ഒരേ ശ്വാസത്തിൽ പറയുന്നവർ അതിലടങ്ങിയ പരസ്പരവൈരുധ്യത്തെക്കുറിച്ച് വിശദീകരിക്കണമെന്ന് ആ പ്രബന്ധം ആവശ്യപ്പെടുന്നു. ഇതാണാ വെല്ലുവിളി. മതത്തെ കൂടുതൽ ഒന്നും വിമർശിക്കുന്നുമില്ല.

റഷ്യൻവിപ്ലവത്തിന് വളരെ മുമ്പുതന്നെ യൂറോപ്പിൽ വളർന്നുവരുന്ന തൊഴിലാളിശക്തിയെ വിവേകാനന്ദൻ കണ്ടിരുന്നു. ആ ശക്തിയുടെ വളർച്ചയിലാണ് ഇന്ത്യയുടെ ഭാവി നിലകൊള്ളുന്നതെന്ന് ദീർഘദർശനം ചെയ്തിരുന്നു. സമഷ്ടിയുടെ ഒരംശം എന്ന നിലക്കേ വ്യക്തിക്ക് നിലനിൽപ്പുള്ളു എന്നും സമഷ്ടിയുടെ വിധിനിർണായകശക്തി സമ്പത്താണെന്നും സംഘടിച്ചുള്ള പോരാട്ടത്തിൽക്കൂടി മാത്രമേ സാമാന്യജനങ്ങൾക്ക് ഇത് നേടാൻ കഴിയുകയുള്ളുവെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചിരുന്നു.

'ഭഗവാൻ കാലുമാറുന്നു' എന്ന നാടകം ഹിന്ദുമതത്തെ അപകടപ്പെടുത്തി എന്നാണ് ഹിന്ദുമത രക്ഷകരുടെ അഭിപ്രായം. വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിത അടിയന്തിരമായി തടഞ്ഞില്ലെങ്കിൽ ക്രിസ്തുമതത്തിന് ആപത്ത് സംഭവിക്കുമെന്ന് ബിഷപ്പുമാർ കരുതുന്നു. 'മതവികാരത്തെ വ്രണപ്പെടുത്തരുത്'' എന്ന രക്ഷാകവചമുണ്ട് പ്രത്യാക്രമണത്തെ തടയാൻ. മതങ്ങൾക്ക് മററ് വികാരങ്ങളെ പ്രണപ്പെടുത്താം. തിരിച്ചു പാടില്ല എന്നാണ് മതത്തിൻെറ 'ധർമ' സിദ്ധാന്തം! എഴുത്തുകാരൻെറ ആശയത്തെ കൊളളചെയ്യുന്നതിനോ ഹൃദയത്തിൻെറ ഉറവകളെ വററിച്ചുകളയുന്നതിനോ സാധ്യമല്ല എന്നതാണ് നൂററാണ്ടുകളുടെ ചരിത്രം നൽകുന്ന അനുഭവപാഠം ''

- (ദേശാഭിമാനി വാരിക)

# മെമ്പർഷിപ്പ്

ഇനിയും മെമ്പർഷിപ്പ് തുക അടച്ചിട്ടില്ലാത്തവർ എത്രയും വേഗം ട്രഷറർക്ക് അയയ്ക്കുക.

മേൽവിലാസം:

Prof. M. K. Chindan Kutty
Sir Syed College
Thalipparambu
Cannanore

# എ.കെ.പി.സി.ടി. വെൽഫയർ ട്രസ്ററ്

പ്രൈവററ് കോളേജ്
അധ്യാപകർക്കുള്ള ഏററവും
വലിയ സുരക്ഷിതത്വ
പദ്ധതിയാണ്

വേഗം അംഗമാവുക.

തുക അയയ്ക്കേണ്ടത്

Prof. N. M. Joseph
St. Thomas College
PALAI

# Fixation of Pay - Modification of Rule 28 A of KSR
## Order No. G. O. (P) 348/83 Fin. dt. 29-6-1983

As per the existing rules, fixation of pay under Rule 28 A, Part I Kerala Service Rules is not applicable to promotion from posts carrying a scale of pay the maximum of which exceeds Rs. 1550/-. For some time past Government have been considering the question of enhancing the above limit. Government are now pleased to modify the above rules to the effect that the rules of fixation of pay as laid down in Rule 28 A Part I Kerala Service Rules will not be applicable to cases of promotions / appointments made from posts carrying a scale of pay the minimum of which exceeds Rs. 1300/- and order accordidgly.

These orders will take effect from the date of this Government Order.

Necessary amendments of Kerala Service Rules will be issued separately.

(By Order of the Governor)

Sd/-

D. BABU PAUL
Finance Secretary

## പ്രധാന അറിയിപ്പ്

കൺവൻഷൻ സ്പെഷ്യലിന്റെ വിലയും പരസ്യത്തുകകളും ഇനിയും അയച്ചുതരാനുള്ളവർ ഉടൻ തന്നെ എത്തിക്കുക.

ചീഫ് എഡിറ്റർ

Kerala private college teacher

monthly journal of the all kerala private college teachers' association

No. 46 R. No. M-36025 / 81 Registered No KL/TV (N) 237

# GOVERNMENT OF KERALA

## ABSTRACT

Collegiate Education Department - Teachers in Government and Private Colleges-Grant of Earned Leave for attending invigilation work in connection with University Examinations during vacation-further orders issued.

## HIGHER EDUCATION (D) DEPARTMENT

G. O. MS. 130/83 H. Edn. Dated, Trivandrum 5-7-1983

Read:- 1. G. O. MS. 76/81/ H. Edn. dated 14-5-1981

2. Lr No. Estt. D1-37058/82 dated 20-8-1982 from the Director of Collegiate Education.

## ORDER

As per the G. O. read as 1st paper above, teachers of Government and Private Colleges who are appointed as Chief Superintendent, Additional Chief Superintendent, Senior Assistant Superintendent, Asst. Superintendent / Invigilators for the conduct of University Examinations at the Examinations Centres during the vacation period, can avail of Earned Leave for the actual period, including public holidays, intervening between two consecutive days of Examination under rules 80, 81 and 86 of Part I Kerala Service Rules.

2. The College teachers organisations have demanded that Saturdays intervening between University Examinations may be treated as vaction not availed of. It is pointed out that the invigilators have to be present at the station of examination, away from home during such intervening saturdays without invigilation duty and hence they are actually deprived from availing of the vacation on such days also.

3. Government are accordingly pleased to order, that the actual period of invigilation work, inclusive of public holidays and saturdays in between will be treated as portion of vacation that could not be availed of, for purpose of grant of Earned Leave.

By Order of the Governor

G. VIBHUKUMAR

Under Secretary to Government

printed and published by v.narayanankutty, at chempaka printers, trivandrum-4 phone 702

chief editor: v. n. murali.